

# GOVT HSS KARAPUZHA

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-26

# ഗവ. എച്ച് എസ്. എസ്. കാരാപ്പുഴ

## നേട്ടങ്ങൾ

**കോ**ട്ടയം - തിരുവാതുക്കൽ - കുമരകം റൂട്ടിൽ ടൗണിൽ നിന്ന് 2 കിലോമീറ്റർ പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നു. മെയിൻ റോഡിൽ തന്നെ സ്ഥിതി ചെയ്യുന്നു. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഒരു മണ്ഡലത്തിലെ 5 കോടി രൂപ സർക്കാർ മുടക്കി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുന്ന സ്കൂളായി തെരഞ്ഞെടുത്തിരിക്കുന്നു. 2018 ഫെബ്രുവരിയിൽ പണികൾ തുടങ്ങാനുള്ള പ്രാരംഭ നടപടികൾ തുടങ്ങി. 2023 മെയ്മാസത്തിൽ പണി പൂർത്തിയായി.

കേരള സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർരാധാകൃഷ്ണൻ കാരാപ്പുഴ ഗവ. ഹയർസെക്കണ്ടറി സ്കൂളിനെ കോട്ടയം നിയോജകമണ്ഡലത്തിലെ മികവിന്റെ കേന്ദ്രമായി ശുപാർശ ചെയ്യുകയും, കേരള സർക്കാർ കിഫ്ബി ഫണ്ടിൽ നിന്നും 4-ാം തീയതി രാവിലെ 10 മണിക്ക് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്തപ്പെടുകയാണ്.

കൊല്ലവർഷം 1090-ൽ കാരാപ്പുഴയിൽ ലോവർ ഗ്രേഡ് എലിമെന്ററി സ്കൂളായി പ്രവർത്തനമാരംഭിച്ച സ്കൂൾ 1964 ൽ ഹൈസ്കൂളായി ഉയർത്തി. 1966 -ൽ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് ആരംഭിക്കുകയും 1968-ൽ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് നിലവിലെ ഹൈസ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 1991-ൽ സ്കൂൾ ഹയർ സെക്കണ്ടറി നിലവാരത്തിലേക്ക് ഉയർത്തി.

കഴിഞ്ഞ ഒരു നൂറ്റാണ്ടിലേറെയായി നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് വർണ്ണം പകർന്ന കാരാപ്പുഴ ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിപ്പെടുകയാണ്. കഴിഞ്ഞ 10 വർഷമായി തുടർച്ചയായി നൂറുമേനി വിജയം കൊയ്ത നമ്മുടെ സ്കൂൾ ഭൗതിക സാഹചര്യങ്ങൾ മോശമായതിനാൽ ഏറെ വിഷമതകൾ നേരിട്ടിട്ടുണ്ട്. മാറിമാറി വരുന്ന ഭരണകർത്താക്കൾ ഈ വിദ്യാലയത്തെ ഏറെ പിന്തുണച്ചിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്കായി ഹൈടെക് ക്ലാസ്സ് മുറികൾ, ആധുനിക സൗകര്യത്തോടുകൂടിയ സയൻസ് ലാബുകൾ, മികച്ച ശുചിമുറികൾ, വിശാലമായ ഡൈനിംഗ് ഹാളുകൾ, കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കൽ സൗകര്യപ്രദമായ അടുക്കള ഇവ ഉൾപ്പെടുന്ന പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടി നിർവ്വഹിക്കുന്നതാണ്.

സഹകരണ രജിസ്ട്രേഷൻ വകുപ്പുമന്ത്രി ശ്രീ വി.എൻ. വാസവൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കോട്ടയം എം.എൽ.എ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കോട്ടയം എം.പി. ശ്രീ തോമസ് ചാഴികാടൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.വി. ബിന്ദു, മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി ബിൻസി സെബാസ്റ്റ്യൻ വിവിധ വാർഡ് കൗൺസിലർമാർ, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ സംബന്ധിക്കുന്നു

നേഴ്സറി അംഗൻവാടി ഒന്നുമുതൽ എച്ച് എച്ച് എസ് എസ് വരെ 392 കുട്ടികൾ ഇവിടെ അറിവുകൾ ആർജ്ജിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു. എൽ.പി., യു.പി., എച്ച് എസ് വിഭാഗങ്ങളിൽ 15 അദ്ധ്യാപകരും എച്ച് എസ് എസ് വിഭാഗത്തിൽ 14 അദ്ധ്യാപകരും 6 അനധ്യാപകരും ജോലി ചെയ്യുന്നു.

ലാബ് [illegible] ലൈബ്രറി കമ്പ്യൂട്ടർ ലാബ് സ്മാർട്ട് ക്ലാസ്സ് റൂം മൾട്ടിമീഡിയ റൂം ടച്ച് സ്ക്രീൻ

സഹിതം), റീഡിംഗ് റൂം, റെക്കോർഡിംഗ് സ്റ്റുഡിയോ, കൗൺസിലിംഗ്, എൽ.ഇ.ഡി. ടെലിവിഷൻ റൂം, ശുചീകരണ മുറികൾ ഇൻസിനേറ്റർ സഹിതം കുടിവെള്ളം, വിശാലമായ ക്ലാസ്സ് മുറികൾ, ജൈവവൈവിദ്ധ്യങ്ങൾ നിറഞ്ഞ ക്യാമ്പസ്

10-ാം ക്ലാസ്സിൽ തുടർച്ചയായി 16-ാം വർഷവും 100 വിജയവും ശാസ്ത്രമേളകളിൽ പങ്കാളിത്തം, ജില്ലാ-സംസ്ഥാന മത്സരങ്ങളിൽ പങ്കാളിത്തം, എച്ച്.എസ്.എസ് കബഡി, എച്ച്.എസ്.എസ് ഫുട്ബോൾ ടീമുകൾ കലാ-കായിക അദ്ധ്യാപകർ എന്നിവ സ്കൂളിനെ മറ്റ് [illegible] നിലവാരത്തിലെത്തിക്കാൻ പറ്റിയ ഗവൺമെന്റ് സ്കൂൾ എന്ന പരിഗണനയ്ക്ക് അർഹത നേടുവാൻ സാധിച്ചു.

## പരിമിതികൾ, വെല്ലുവിളികൾ

പൊതുവിദ്യാഭ്യാസത്തിൽ നിന്നും കുട്ടികൾ മാറിപ്പോയിത്തുടങ്ങിയ അതേ വെല്ലുവിളി കാരാപ്പുഴ ഗവ. എച്ച്.എസ്.എസിനും ബാധകമായി. എങ്കിലും കുട്ടികളെ കണ്ടെത്തുവാനും, മികച്ച പ്രകടനം കാഴ്ച വയ്ക്കുവാനും അദ്ധ്യാപകർക്കും കുട്ടികൾക്കും സാധിച്ചു.

അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം, നേഴ്സറി, ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് രക്ഷിതാക്കൾക്കുള്ള മതിഭ്രമം, സ്കൂൾ വാൻ, സാമ്പത്തിക വേർതിരിവ് എന്നിങ്ങനെ എല്ലാ 'പൊതു' ഇടങ്ങളോടുമുള്ള വേർതിരിവ് സ്കൂളിനോടും രക്ഷാകർത്താക്കൾക്ക് തോന്നി. അതിനാൽ സ്വാഭാവികമായും കുട്ടികൾ കുറഞ്ഞു.

## സ്കൂൾ പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ<br>കാരാപ്പുഴ,<br>ഫോൺ : 0481 - 2582935 |
| മുനിസിപ്പാലിറ്റി | : | കോട്ടയം |
| വാർഡ് | : | 23 |
| ബ്ലോക്ക് | : | പള്ളം |
| സി.ആർ.സി. | : | ഗവ. യു.പി.എസ്. പുത്തേട്ട്, നട്ടാശ്ശേരി |
| ബി.ആർ.സി. | : | കോട്ടയം വെസ്റ്റ് |
| ഹെഡ്മിസ്ട്രസ് ഇൻചാർജ്ജ് | : | സുജാത പി. തങ്കപ്പൻ |

# ആമുഖം

**കോ**ട്ടയം മുൻസിപ്പാലിറ്റിയിൽ പട്ടണത്തിന്റെ പടിഞ്ഞാറു ഭാഗത്ത് കോട്ടയം -കുമരകം റൂട്ടിൽ തലയുയർത്തി നിൽക്കുന്ന സരസ്വതീ ക്ഷേത്രമാണ് കാരാപ്പുഴ ഗവൺമെന്റ് എച്ച്. എസ്.എസ്. 1895-ൽ ലോവർ ഗ്രേഡ് എലിമെന്ററി സ്കൂൾ ആയി ഒരോലപ്പുരയിൽ ആരംഭിച്ച ഈ വിദ്യാലയം കുട്ടികളും സ്റ്റാഫംഗങ്ങളും ഉള്ള ഒരു പ്രമുഖ സ്ഥാപനമായി ഇന്ന് വളർന്നിട്ടുണ്ട്. നാട്ടുകാരുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങളുടെ ഫലമായിട്ടാണ് സ്ഥാപനത്തിന് ഈ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്

വേളൂർ സർക്കാർ മിഡിൽ സ്കൂൾ, എരുത്തിക്കൽ സി.എം.എസ് മിഷൻ വക സ്കൂൾ എന്നിവ ഉണ്ടായിരുന്ന കാലത്ത് കാരാപ്പുഴയിൽ സാധാരണക്കാർക്ക് പഠിക്കുവാൻ വിദ്യാലയങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. സാധാരണക്കാർക്കുവേണ്ടി 1- ഉം 2-ഉം ക്ലാസ്സുകൾ ഉള്ള ഒരു പള്ളിക്കൂടം അറയ്ക്കൽ കുടുംബത്തിലെ കാരണവരായ ഗോവിന്ദപ്പിള്ള പ്രവർത്യാരുടെ ശ്രമഫലമായി കൊല്ലവർഷം 1070-ാമാണ്ട് സ്ഥാപിതമായി. 2 ക്ലാസ്സോടുകൂടി തുടങ്ങിയ ആ സ്കൂളാണ് ഇന്ന് സർവ്വതോന്മുഖമായി വളർന്ന് എച്ച് എസ്.എസ്.എസ് ആയി പരിലസിക്കുന്നത്.

കിളിരൂർ ശ്രീ ശങ്കരപ്പിള്ള, കിളിരൂർ ശ്രീ കൃഷ്ണപിള്ള എന്നിവരായിരുന്നു. ആദ്യകാല അദ്ധ്യാപകർ ആദ്യത്തെ ഹെഡ്മാസ്റ്റർ കിളിരൂർ ശ്രീ ശങ്കരപ്പിള്ളയായിരുന്നു.

കൽതൂണിന്മേൽ ഓലമേൽക്കൂരയോടുകൂടി പ്രവർത്യാർ പണിയിച്ച കെട്ടിടം അന്ന് ശാസ്ത്രാംകാവ് ക്ഷേത്രത്തിനു തെക്കുവശം പ്രവർത്യാർ വിലകൊടുത്തു വാങ്ങിയ സ്ഥലത്തായിരുന്നു. കൊല്ലവർഷം 1090-ൽ ആണ് സ്കൂൾ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറിയത്. സർക്കാർ പുറംമ്പോക്കു സ്ഥലത്തിൽ അറയ്ക്കൽ പരേതനായ ശ്രീ കൃഷ്ണപിള്ളക്ക് പാട്ടാവകാശമുണ്ടായിരുന്ന 38 സെന്റ് സ്ഥലത്ത പൊതുജനങ്ങൾ പണിയിച്ചു കൊടുത്ത കെട്ടിടത്തിലാണ് സ്കൂൾ ആരംഭിച്ചത്. 1090-ാംമാണ്ട് കോട്ടയം സബ് രജിസ്ട്രാർ ഓഫീസിൽ 2558-ാം നമ്പറായി രജിസ്റ്റർ ചെയ്ത തീറാധാരമനുസരിച്ച് 38 സെന്റ് സ്ഥലവും കെട്ടിടവും 500 രൂപ സഹായധനം നൽകികൊണ്ട് ഗവൺമെന്റ് ഏറ്റെടുത്തു. 1914 നവംബർ 23-ന് 38 സെന്റ് സ്ഥലം പള്ളിക്കൂടം ഡിപ്പാർട്ടുമെന്റിനു വേണ്ടി കിളിരൂർ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ കെ.ഐ പരമേശ്വരൻ പിള്ള ഏറ്റുവാങ്ങിയതായി സ്കൂൾ റെക്കാർഡുകളിൽ നിന്ന് മനസ്സിലാക്കുന്നു.

കാരാപ്പുഴ കരയോഗം, നായർ പരസ്പര സഹായസംഘം. കോട്ടയം നായർ സമാജം, [illegible] യൂണിയൻ ക്ലബ്ബ് തുടങ്ങിയ സംഘടനകൾ സ്കൂൾ സ്ഥാപിക്കുന്നതിനും സ്കൂളിന്റെ വളർച്ചക്കും വേണ്ട നേതൃത്വവും സഹായസഹകരണങ്ങളും നൽകി തുടർന്ന് 4-ാംക്ലാസ്സുവരെ ആയിത്തീർന്ന ഈ സ്കൂളിന്റെ പേർ അന്ന് കാരാപ്പുഴ വെർണാക്കുലർ പ്രൈമറി സ്കൂൾ എന്നായി. 24-10-1118-ന് ഇവിടെ 5-ാം ക്ലാസ്സ് ആരംഭിച്ചു

19-08-1121-ൽ 28 സെന്റ് സ്ഥലവും കൂടി പൊന്നും വിലയ്ക്ക് എടുത്തതോടുകൂടി സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം 66 സെന്റ് ആയി വർദ്ധിച്ചു. 1950-ൽ മലയാളം, ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ തമ്മിലുള്ള വ്യത്യാസം ഇല്ലാതെ ആയതിനാൽ കാരാപ്പുഴ മിഡിൽസ്കൂൾ എന്ന പേർ സ്കൂളിനു ലഭിച്ചു. 1951-ൽ സ്കൂളിന്റെ ആവശ്യത്തിന് 7 സെന്റ് സ്ഥലം കൂടി ലഭിച്ചു 1951 മുതൽ സ്കൂൾ ഡെവലപ്മെന്റ് കമ്മറ്റി, സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തണമെന്ന് കാണിച്ച് വിദ്യാഭ്യാസ [illegible] നൽകുകയും 1961-ൽ 77 സെന്റ് സ്ഥലം കൂടി റവന്യു ഡിപ്പാർട്ട്മെന്റ് സ്കൂളിനു [illegible] സ്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം 1 ഏക്കർ 50 സെന്റ് ആയി വർദ്ധിപ്പിക്കയും ചെയ്തു [illegible] സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തി ഓഡർ ആയി 1966-ൽ 10-ാം ക്ലാസ്സ് അനുവദിച്ച് [illegible] ഹൈസ്കൂൾ ആവുകയും ശ്രീ പി.കെ. വാസുദേവൻ നായരെ ആദ്യത്തെ ഹെഡ്മാസ്റ്റർ [illegible] നിയമിക്കപ്പെടുകയും ചെയ്തു അദ്ദേഹത്തിന്റെ കാലത്താണ് സ്കൂളിനാവശ്യമായ [illegible] നിർമ്മിക്കപ്പെട്ടത്. 1990 മുതൽ സ്കൂളിനോടനുബന്ധിച്ച് ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു

# സ്കൂൾ റിപ്പോർട്ട്

## കുട്ടികളുടെ എണ്ണം

**ഹൈസ്കൂൾ വിഭാഗം:**

ഹെഡ്മിസ്ട്രസ്, 2017-18 - 74 കുട്ടികൾ, 15 അദ്ധ്യാപകർ, 4 അനദ്ധ്യാപകർ

**എച്ച്.എസ്.എസ്. വിഭാഗം**

പ്രിൻസിപ്പൽ, 318 കുട്ടികൾ, 14 അദ്ധ്യാപകർ, 2 ലാബ് അസിസ്റ്റന്റ്.

### പൊതുലക്ഷ്യങ്ങൾ

1. ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പാക്കുന്നു.
2. സർഗപരവും, അക്കാദമികവും, കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.
3. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവിണ്യം കൈവരിക്കുക.

### ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- സ്കൂൾ അസംബ്ലി- തിങ്കൾ, ബുധൻ, വെള്ളി - മൂന്ന് ഭാഷകൾ
- ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.
- സ്കൂൾ ലൈബ്രറി പ്രവർത്തനം ശക്തിപ്പെടുത്തുന്നു.
- വ്യത്യസ്ത തലങ്ങളിലുള്ള വായന നടത്താനുള്ള അവസരം ഒരുക്കുന്നു.
- രചനാപരമായ കഴിവ് വളർത്തുന്നതിനുള്ള അവസരങ്ങൾ, പ്രവർത്തനങ്ങൾ (ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട, ലഘുകുറിപ്പുകൾ, വായനാ കുറിപ്പ്, ക്വിസ് മത്സരം, ഉപന്യാസം, കഥ, കവിത... മത്സരങ്ങൾ. ക്ലബിന്റെ നേതൃത്വത്തിൽ സമ്മാനം).
- പത്രം തയ്യാറാക്കൽ, മാസത്തിൽ ഒന്ന് ബാക്കി വരുന്ന പ്രദർശനങ്ങൾ പ്രിന്റഡ് മാഗസിൻ തയ്യാറാക്കുന്നു.
- പുസ്തക ചർച്ച.
- ദിനാചരണ പുസ്തക വായന
- ആസ്വാദ്യകരമായ വായനാ പരിശീലനം.
- വായനാ മത്സരം.
- രചനാ ശില്പശാല.
- വായിച്ച പുസ്തകങ്ങളുടെ ആശയം ആവിഷ്കരിക്കൽ.
- ലാബ് ശാക്തീകരണം.
- കമ്പ്യൂട്ടർ ലാബ് വികസനം.
- ലാംഗ്വേജ് ലാബ്.
- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ് പ്രവർത്തനങ്ങൾ (ഓരോ വിഷയവും).
- സ്വാശ്രയ ശീലം വളർത്തുന്നതിനുള്ള പ്രവർത്തനം.
- പ്രാദേശിക മ്യൂസിയം.
- മിനി തീയേറ്റർ.
- നക്ഷത്ര നിരീക്ഷണ സംവിധാനം.

തുല്യതയ്ക്കും ഗുണതയ്ക്കും മുൻതൂക്കം നൽകും.

- കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് മികവു തെളിയിക്കുന്നതിന് അവസരമൊരുക്കും.
- ക്യാമ്പസ് ഒരു പാഠപുസ്തകം (ജൈവ വൈവിധ്യ ഉദ്യാനം)
- സ്വാശ്രയശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- ലഹരി വിമുക്ത ക്യാമ്പസ്- സമൂഹപ്രവർത്തനങ്ങൾ
- പ്ലാസ്റ്റിക് രഹിത, മാലിന്യമുക്ത ക്യാമ്പസ്
- പരിസര ശുചിത്വപ്രവർത്തനങ്ങൾ.
- ടാന്റ് ലാബ്
- മാനസിക വെല്ലുവിളികൾ മറികടക്കുന്നതിനുള്ള കൗൺസിലിംഗ്
- പോഷകാഹാര പദ്ധതി
- ഭിന്നശേഷിക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതി.
- പ്രദേശിക മ്യൂസിയം.
- മിനി തിയേറ്റർ
- നക്ഷത്ര നിരീക്ഷണ സംവിധാനം.
- തുല്യതയ്ക്കും ഗുണതയ്ക്കും മുൻതൂക്കം നൽകും.
- കലാകായികരംഗങ്ങളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനുസരിച്ച് മികവു തെളിയിക്കുന്നതിന് അവസരമൊരുക്കും.
- ക്യാമ്പസ് ഒരു പാഠപുസ്തകം (ജൈവ വൈവിധ്യ ഉദ്യാനം)
- സ്വാശ്രയശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- ലഹരി വിമുക്ത ക്യാമ്പസ് - സമൂഹം പ്രവർത്തനങ്ങൾ.
- പ്ലാസ്റ്റിക് രഹിത, മാലിന്യമുക്ത ക്യാമ്പസ്.
- പരിസരശുചിത്വപ്രവർത്തനങ്ങൾ
- ടാന്റ് ലാബ്
- മാനസിക വെല്ലുവിളികൾ മറികടക്കുന്നതിനുള്ള കൗൺസിലിംഗ്
- പോഷകാഹാര പദ്ധതി
- ഭിന്നശേഷിക്കാരെ ഉൾകൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതി.

## 2. അക്കാദമിക പ്രവർത്തനങ്ങൾ

### 1. അക്കാദമിക നിലവാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപിക്കാൻ

സ്കൂൾ അന്താരാഷ്ട്രനിലവാരത്തിലേക്കു ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക നിലവാരം കൂടി ഉയർത്തുക എന്ന ലക്ഷ്യത്തിനാണ് മുൻഗണന. 5-ാം വർഷങ്ങൾക്കു ശേഷമുള്ള വിദ്യാലയത്തിന്റെ വളർച്ച മുന്നിൽ കണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിക്കുള്ളത്.

കാരാപ്പുഴ എന്ന പ്രദേശത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നിൽക്കുന്ന കുട്ടികളാണ് നിലവിൽ പഠിക്കുന്നത്. ഭാവിയിൽ മണ്ഡലത്തിലെ അന്താരാഷ്ട്ര നിലവാരത്തിൽ ആകുന്ന സ്കൂളിൽ സമൂഹത്തിലെ എല്ലാത്തരം കുടുംബത്തിൽ നിന്നും കുട്ടികൾ എത്തിച്ചേരണം എന്ന കാഴ്ചപ്പാടിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## 3. അക്കാദമിക പ്രവർത്തനങ്ങൾ

### കല, കായികം

ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കണം. സർഗ്ഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമൊരുക്കുകയും കൂടി ചെയ്യുമ്പോഴാണ് വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുക.

ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രായം മുതൽ കളികൾക്കും, വ്യായാമത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ഓരോ കുട്ടിയുടേയും കായിക ക്ഷമത വികസിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ടതുണ്ട്.

### ലക്ഷ്യം

വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളേയും കായിക പ്രവർത്തി പരിചയമേഖലകളിൽ കഴിവുള്ളവരാക്കിത്തീർക്കുക.

1. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളേയും കലാ-കായിക പ്രവർത്തി പരിചയ മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക.
2. ടാലന്റ് ലാബ് എന്ന ആശയം സാക്ഷാത്ക്കരിക്കുക.
3. വിദ്യാലയത്തിന്റെ പരിമിതികൾ മറികടക്കുന്നതിനായി പ്രാദേശിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുക.
4. കലാ-കായിക പ്രവർത്തി പരിചയ വിദ്യാഭ്യാസത്തിന് ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

- കലാക്യാമ്പുകൾ സംഘടിപ്പിക്കൽ- ടേമിൽ ഒന്ന്.
- കരകൗശല നിർമ്മാണ ശില്പശാല പ്രദർശനം - വർഷത്തിൽ ഒന്ന്.
- നാടൻപാട്ട് പരിശീലനം - വർഷത്തിൽ ഒന്ന്.
- വാദ്യോപകരണ പരിശീലനം - പ്രതിമാസം.
- സ്കൂൾ ഒളിമ്പിക്സ്.
- കിഡ്സ് അത്‌ലറ്റിക്സ്.

## കലാ-കായികം

### മധ്യകാല പ്രവർത്തനമാണ് കായികം.

#### ലക്ഷ്യങ്ങൾ

കായികരംഗങ്ങളിൽ ഓരോ കുട്ടിയുടേയും അഭിരുചിക്കനുസരിച്ച് ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരമൊരുക്കും.

#### ഉപലക്ഷ്യം:

കുട്ടികളെ കഴിവിന് അനുസരിച്ച് ഗ്രൂപ്പായി തരംതിരിച്ച് ശാരീരിക ക്ഷമതയെ വിലയിരുത്തി അവരുടെ കഴിവുകൾ മെച്ചപ്പെടുത്തിയെടുക്കുക.

ടാലന്റ് വാച്ച് എന്ന ആശയം ശക്തിപ്പെടുത്തി വിദ്യാലയത്തിന്റെ പരിമിതികൾ മറികടക്കുന്നതിനായി പ്രാദേശിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുക.

കലാകായിക വിദ്യാഭ്യാസത്തിന് ഹൈടെക് സാധ്യത പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

1. കായിക ക്യാമ്പുകൾ സംഘടിപ്പിക്കുക.
2. ടൂർണ്ണമെന്റ്
3. സ്കൂൾ ഒളിമ്പിക്സ്
4. കിഡ്സ് അത്‌ലറ്റിക്സ്
5. ഓരോ ക്ലാസ്സിൽ നിന്നും മികച്ച കുട്ടിയെ കണ്ടുപിടിച്ച് ലീഡറാക്കുന്നു.
6. കായിക മാഗസിൻ (വർഷത്തിൽ ഒന്ന്)

1. കായിക ക്യാമ്പുകൾ :

കുട്ടികളെ കായികമായി സ്പോർട്ട്സ്, ഗെയിംസ്, അത്‌ലറ്റിക്സ് എന്നിവയുടെ അടിസ്ഥാന വിവരങ്ങളും നിയമങ്ങളും പറഞ്ഞും കളിപ്പിച്ചും അവരെ പ്രാപ്തരാക്കുന്നു.

2. ടൂർണ്ണമെന്റ് :

ഫുട്ബോൾ, ഷട്ടിൽ, ബാഡ്മിന്റൻ, ഗെയിംസുകൾ, ടൂർണ്ണമെന്റുകൾ (നിയമങ്ങൾ) എന്നീ കാര്യങ്ങൾ മനസ്സിലാക്കുന്നു.

ഇതിനു പുറമെ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള നിരവധി വേദികളും വിദ്യാലയത്തിൽ പ്രയോജനപ്പെടുത്താം.

1. ബാലസഭ.
2. മേളകൾ.
3. അസംബ്ലി (മാസ് ഡ്രിൽ)
4. ക്ലബുകൾ.
5. ചർച്ചാവേദികൾ.
6. പഠനയാത്രകൾ
7. സന്നദ്ധ സംഘടനകൾ
8. യോഗ
9. എയ്റോബിക്സ്
10. എക്സർസൈസികൾ.
11. ആൽബം ഉണ്ടാക്കുക (വർഷത്തിൽ)

കായിക താരങ്ങളുടെ ഫോട്ടോകൾ ഉദാ: 20-20, ഐ. എസ്.എൽ., സൂപ്പർലീഗ് ഫുട്ബോൾ, മത്സരങ്ങൾ, ദേശീയം, അന്തർദ്ദേശീയം ക്രിക്കറ്റ് മികവുറ്റ കായികതാരങ്ങൾ.

# ഗവ: എച്ച്.എസ്.എസ്. കാരാപ്പുഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ

### കലാപരം

### എൽ.പി, യു.പി. സെക്ഷൻ

1. ഹ്രസ്വകാലം

    കഥാഗാനങ്ങൾ, കുട്ടികളുടെ ഇഷ്ട ഗാനങ്ങൾ തുടങ്ങിയവ പഠിപ്പിക്കുക.

2. മധ്യകാലം

    ശാസ്ത്രീയ സംഗീത പാഠങ്ങൾ, ദേശഭക്തിഗാനങ്ങൾ തുടങ്ങിയ പഠനപ്രവർത്തനങ്ങൾ നടത്തണം

3. ദീർഘകാലം

    - കഴിവുള്ള കുട്ടികളെ കണ്ടെത്തി ടാലന്റ് ലാബ് രൂപീകരിക്കണം.
    - സ്കൂൾ ഗായക സംഘം രൂപീകരിച്ചുകൊണ്ട് സ്കൂൾ കലോത്സവങ്ങൾക്കായി കുട്ടികളെ പ്രാപ്തരാക്കണം.
    - ശാസ്ത്രീയ സംഗീത പഠനത്തിന് താല്പര്യമുള്ള കുട്ടികൾക്ക് മാത്രമായി പ്രത്യേക ക്ലാസ്സുകൾ.
    - കലയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും അതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യണം.
    - കുട്ടികളുടെ കഴിവുകളെ രക്ഷിതാക്കളുടേയും സ്കൂൾ അധികാരികളുടേയും അനുവാദത്താൽ ദൃശ്യാവിഷ്കരണം നടത്തി സോഷ്യൽ മീഡിയകളിലൂടെ പുറംലോകത്തെ അറിയിക്കുന്ന പ്രവർത്തനം നടത്തണം.
    - സ്കൂൾ ആന്വൽഡേയുടെ ഭാഗമായി സമൂഹത്തോട് പ്രതിബദ്ധതയുണ്ടാക്കുന്ന ദേശീയതയുണർത്തുന്ന ഗാനങ്ങളും സ്കിറ്റുകളും തയ്യാറാക്കി വേദിയിൽ അവതരിപ്പിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കണം.

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും കലാഭിരുചിയുള്ളവരാക്കി തീർക്കുന്നതിനുള്ള ശ്രമം നടത്തുന്നതോടൊപ്പം കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ മുഖ്യധാരയിലെത്തിക്കുക.
- ശാസ്ത്രീയ സംഗീതത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി അവരെ പഠിപ്പിക്കുക.
- ദേശഭക്തിഗാന പഠനത്തിലൂടെ ഇന്ത്യാ ചരിത്ര പഠനവും ദേശസ്നേഹമുള്ള പൗരന്മാരാക്കുവാനുമുള്ള ഉദ്യമം നടത്തുക.
- സോഷ്യൽ മീഡിയകളിലൂടെ കുട്ടികളുടെ കഴിവിനെ പുറംലോകമറിയുന്നതോടുകൂടി കുട്ടികളിൽ അഭിമാനവും ആത്മവിശ്വാസവും വളർത്തിയെടുക്കുക.
- മൂല്യാധിഷ്ഠിതമായ സ്കിറ്റുകൾ വേദികളിൽ അവതരിപ്പിക്കാൻ അവസരം ലഭിക്കുമ്പോൾ കുട്ടികളും രക്ഷിതാക്കളും സമൂഹ പ്രതിബദ്ധതയുള്ളവരായി മാറ്റുവാൻ സാഹചര്യമുണ്ടാക്കുക.

## ടാലന്റ് ലാബ്.

ടാലന്റ് ലാബ് പ്രവർത്തനങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകിവരുന്നു കുട്ടികളുടെ വ്യക്തിപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് ഐ.റ്റി സങ്കേതിക വിദ്യയുടെ സഹായത്തോടെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

ഓടക്കുഴൽ, തബല, മോണോആക്ട്, ലളിതസംഗീതം, പാട്ട് എന്നീമേഖലയിൽ പ്രാവീണ്യം തെളിയിച്ച കുട്ടികൾ നിരവധി സമ്മാനങ്ങൾ ജില്ല-സംസ്ഥാന മേഖലകളിൽ കരസ്ഥമാക്കി.

ഓടക്കുഴലിൽ പ്രാവീണ്യം ഉള്ള കുട്ടിയെ അവന്റെ കഴിവുകളെ പ്രോത്സാഹിപ്പിച്ച് ഒരു ആൽബം തയ്യാറാക്കുകയും.സ്കൂളിൽ സജ്ജീകരിച്ച സ്റ്റുഡിയോ-റിക്കാർഡിംഗ് റൂമിൽ നിർമ്മിക്കുകയും ഐ.റ്റി ക്ലബ്ബിന്റെ സഹായത്തോടെ യൂട്യൂബിൽ റിലീസ് ചെയ്യുകയും ചെയ്ത് വൻ പ്രചരണം ലഭിക്കുവാൻ ഇടയായിട്ടുണ്ട്.

പത്രപ്രവർത്തന രംഗത്ത് പ്രാവീണ്യമുള്ള വ്യക്തികളെ ശില്പശാലകൾ സംഘടിപ്പിച്ച് ക്ലാസ് എടുക്കുകയും സ്കൂൾ പത്രം തയ്യാറാക്കി. പേപ്പറിൽ സ്കൂളിന്റെ തന്നെ പ്രിന്ററിൽ പ്രിന്റിംഗ് നടത്തി സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കാനും ശ്രമിക്കുന്നുണ്ട്.

എല്ലാ തിങ്കളാഴ്ചയും കലാ അദ്ധ്യാപകന്റെ സേവനം സ്കൂളിന് ലഭ്യമാണ്. കൂടാതെ കലാ മേഖലയിൽ വിദഗ്ദ്ധരായ ഒരുകൂട്ടം അദ്ധ്യാപകരും സ്കൂളിന്റെ മുതൽക്കൂട്ടാണ്.

## വായനശാല

ഒന്നാംക്ലാസ് മുതൽ വായനാ സംസ്ക്കാരം പ്രോത്സാഹിപ്പിക്കുന്നുണ്ട്. സ്കൂൾ ലൈബ്രറി ഡിജിറ്റൽ ലൈബ്രറി ആക്കി ആധുനീകവൽക്കരിച്ചിട്ടുണ്ട്. എല്ലാപാഠപുസ്തകങ്ങളും തരംതിരിച്ച് റാക്കിൽ വച്ചിരിക്കുന്നു. ബാർകോഡ് സംവിധാനമുള്ള സ്റ്റിക്കർ പതിപ്പിച്ച് ക്രമീകരിച്ചിരിക്കുന്നു. ഓരോ വർഷവും സ്കൂളിൽ ചേരുന്ന കുട്ടികൾക്ക് അഡ്മിഷൻ നമ്പർ ലൈബ്രറി അംഗത്വ നമ്പർ ആയ നൽകുന്നു. ലൈബ്രറിയിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഓരോകുട്ടിയും പുസ്തകം തെരഞ്ഞെടുത്ത് ബാർകോഡ് സ്കാനർ ഉപയോഗിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. പുസ്തകത്തിന്റെ പേര്, വിശദവിവരം എന്നിവ തനിയെ എന്റർ ആകുന്നു. ഒരു വർഷം അവസാനം എത്രകുട്ടികൾ എത്ര പുസ്തകം എങ്ങനെയൊക്കെ (ക്യാറ്റഗറി) വായിച്ചു എന്ന് മനസിലാക്കുവാൻ പ്രിന്റ് ഔട്ടും എടുക്കാൻ സൗകര്യം ഉണ്ട്.

മറ്റു സ്കൂളിലെയും പരിസരത്തെയും ആളുകൾ വരെ ലൈബ്രറിയുടെ പ്രവർത്തനം കണ്ടു മനസ്സിലാക്കുവാൻ വരുന്നു.

- പി.റ്റി.എ കമ്മറ്റിയ്ക്കും
- എസ്.എം.സി/എസ്.എം.ഡി.സി അംഗങ്ങൾക്കും. പുതിയ അംഗത്വം നൽകുന്ന പ്രവർത്തനം തുടങ്ങുന്നു.

## ജനകീയ സംവിധാനങ്ങളുടെ പങ്കാളിത്തം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിനും ഹൈടെക് വിദ്യാലയം ആക്കുന്നതിനും ഒരു വിദ്യാലയ വികസന സമിതി പ്രവർത്തിക്കുന്നു. എംഎൽഎ രക്ഷാധികാരി അയിട്ടുള്ള കമ്മറ്റി നിശ്ചിത ഇടവേളകളിൽ പ്രവർത്തനം വിലയിരുത്തുന്നു.

അക്കാദമിക മികവിനും സ്കൂൾ മികവിനുമുള്ള പദ്ധതികൾക്ക് സഹായ സഹകരണങ്ങൾ ചെയ്യുക. വിദ്യാലയ സംരക്ഷണത്തിൽ ഫലപ്രദമായി ഇടപെട്ട് ഫണ്ടുകൾ യഥാസമയം കണ്ടെത്തുക etc.

## വിഭവ സമാഹരണ മാർഗ്ഗങ്ങൾ

* മുൻസിപ്പാലിറ്റി കോട്ടയം - മെയിന്റനൻസ്, ലൈബ്രറി
* ജില്ലാ പഞ്ചായത്ത്
* RMSA - സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്
* SSA - ടീച്ചേഴ്സ് ഗ്രാന്റ്
* MLA ഫണ്ട്
* പൂർവ്വവിദ്യാർത്ഥികൾ
* സ്കൂൾ അഭ്യുദയകാംക്ഷികൾ
* പ്രവാസി മലയാളികൾ

## കലാകായികപ്രവർത്തനങ്ങൾക്ക് പ്രാധാന്യം.

- കായികക്ഷമത ഉറപ്പുവരുത്തുന്ന പ്രവർത്തനം ഏർപ്പെടുത്തും.
- എച്ച് എസ് തലത്തിൽ ഫുഡ്ബോൾ എച്ച്.എസ്.എസ് തലത്തിൽ കബഡി മത്സരത്തിൽ മികച്ച ടീം പ്രവർത്തിക്കുന്നു.
- പുതിയ മാസ്റ്റർ പ്ലാനിൽ ഇൻഡോർ സ്റ്റേഡിയം, നെറ്റ് ഡോർ കളികൾക്കു വേണ്ടി കളിയിടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

## ജൈവ വൈവിധ്യപാർക്ക്

പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ വ്യവസ്ഥ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുന്നു.

ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കും.

കിണർ പരിസരം വൃത്തിയായി സൂക്ഷിക്കും.

മഴക്കുഴി മഴവെള്ളത്തെ ഭൂർഗർഭജലമാക്കി മാറ്റുന്നതിന് പാത്തിയിലെ വെള്ളം കിണറിനടുത്ത മഴക്കുഴിയിൽ താഴ്ത്തുന്നു.

രക്തചന്ദനം അടക്കമുള്ള മരങ്ങൾ സ്കൂളിൽ ഉണ്ട്. അത്തി, നെല്ലി, കുമ്പിൾ etc എന്നിങ്ങനെ സസ്യങ്ങളെ പരിപാലിക്കുവാനും സംരക്ഷിക്കുവാനും കുട്ടികളെ പരിശീലിപ്പിക്കുന്നു.

ഹരിതസേന, നേച്ചർക്ലബ്ബ് ക്യാമ്പ എച്ച്.എസ്.എസ്, എസ് വിഭാഗത്തിലും നടത്തിവരുന്നു.

എല്ലാമരങ്ങളിലും അവയുടെ പേരും ഗുണങ്ങളും എഴുതി പ്രദർശിപ്പിക്കും.

# മലയാളം - എൽ. പി. വിഭാഗം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ ഉയർന്ന ശേഷികൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനം | • അസംബ്ലിയിൽ പത്രവായനയും വിശകലനവും | ആഴ്ചയിൽ | | |
| | • വാർത്താ പ്രതികരണങ്ങൾ. | മാസത്തിലൊന്ന് | | |
| | • ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കൽ. | | | |
| | • [illegible] | | | |
| | • ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ- ആഴ്ചയി ലൊരു പുസ്തകം | | | |
| | • പുസ്തകക്കുറിപ്പ്. | ജൂൺ, ജൂലൈ, ഓഗസ്റ്റ് | | |
| | • പുസ്തകത്തിലെ ആശയങ്ങൾ ആധാരമാക്കി ആവിഷ്കാരങ്ങൾ. | ജൂൺ-ജൂലൈ | | |
| ശേഷി-വായന | • ദിനാചരണങ്ങളുടെ ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന. | ജൂൺ-ജൂലൈ | | |
| | • പതിപ്പുകൾ തയ്യാറാക്കൽ. | ജൂൺ-ജൂലൈ | | |
| ശേഷി- എഴുത്ത് | • കുട്ടികളുടെ തീയേറ്റർ. | ജൂൺ - ജൂലൈ | | |
| | • ക്ലാസ്സ് ലൈബ്രറി പ്രാവർത്തികമാക്കൽ. | ജൂൺ | | |
| | • വിതരണ രജിസ്റ്റർ | | | |
| | • അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ | ജൂൺ-ജൂലൈ | | |
| | • വാക്യങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ-ജൂലൈ [illegible] | പുസ്തകങ്ങൾ, സിഡി | |
| | • [illegible] | [illegible] | | |

# ഇംഗ്ലീഷ് - എൽ.പി. വിഭാഗം

| | | |
|---|---|---|
| പോയം/സ്റ്റോറി എൽ.പി. | വിവിധ റൈംസ് കേൾക്കാനും സ്റ്റോറി ആസ്വദിക്കാനും കൂടെ ചൊല്ലാനും അവസരമൊരുക്കുന്നു. | ജൂൺ - ജൂലൈ |
| പിക്ചർ കാർഡ് എൽ.പി. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വാക്യങ്ങൾ ചിത്രങ്ങൾ ഒട്ടിച്ച കാർഡുകൾ | |
| കൊറിയോഗ്രാഫി എൽ.പി. | പാഠഭാഗം, വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കുന്നു. | ജൂൺ, ജൂലൈ, ഓഗസ്റ്റ്. |

ഗണിതം - എൽ.പി. വിഭാഗം

| | | |
|---|---|---|
| സംഖ്യാബോധം | - | അബാക്കസ്, സ്ഥാനവിലകിറ്റ്, സ്ഥാനവില പോക്കറ്റ്, സംഖ്യാ കാർഡുകൾ, കമ്പുകെട്ടുകൾ എന്നിവ കൊണ്ടുള്ള പ്രവർത്തനം. |
| സങ്കലനം, വ്യവകലനം | - | അക്കസ്തംഭം, ബീഡ്സ് ചെയിൻ അബാക്കസ്, കമ്പ് കെട്ട്, സംഖ്യാകാർഡ്. |
| ജ്യാമിതീയ രൂപം | - | ഐസ്ക്രീം സ്റ്റിക്ക് ഉപയോഗിച്ചു നിർമ്മിച്ച ജ്യാമിതീയ കിറ്റ്. |
| ഗുണനം | - | ആവർത്തന സങ്കലനം വരിയും നിരയും കൂട്ടിച്ചേരുന്ന സ്ഥലത്ത് ആ സംഖ്യയുടെ ഗുണിതം കണ്ടെത്തുന്നു. |
| ഗണിത ലാബ് | - | ആഴ്ചയിൽ ഒരു ദിവസം ഗണിത ക്വിസ്.<br>പതിപ്പ് നിർമ്മാണം.<br>ഗണിത വാർത്തകൾ നോട്ടീസ് ബോർഡിൽ.<br>ഗണിത പ്രോജക്ടുകൾ കുട്ടികളുടെ കണ്ടെത്തലുകൾ.<br>പാറ്റേണുകൾ, പസിൽ നിർമ്മാണം, ശേഖരണം. |

# എൽ.പി. സെക്ഷൻ - സയൻസ്

## സയൻസ് കോർണർ

- ഓരോ ക്ലാസ്സ് മുറിയും സയൻസ് കോർണർ.
- പഠനപ്രവർത്തിനാവശ്യമായ ഉപകരണങ്ങളും വസ്തുക്കളും പ്രദർശിപ്പിക്കൽ.
- സ്വന്തമായി പരീക്ഷണം ആസൂത്രണം ചെയ്യാനാവശ്യമായ സാമഗ്രികൾ.
- ഹെർബേറിയം, പലതരം വിത്തുകൾ, പക്ഷിത്തൂവലുകൾ തുടങ്ങിയവയുടെ ശേഖരണം
- ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, കുറിപ്പുകൾ.

## ക്ലബ് പ്രവർത്തനങ്ങൾ

- വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനം, പോസ്റ്ററുകൾ, ലഘുലേഖ, സർവ്വേ, കൊളാഷ്. ചെക്ക് ലിസ്റ്റ് തയ്യാറാക്കൽ.

ആൽബം

- പൂമ്പാറ്റയുടെ ചിത്രങ്ങൾ
- തൊഴിൽ ഉപകരണങ്ങൾ
- വിവിധതരം മണ്ണുകൾ
- മണ്ണ് പരീക്ഷണം
- വിവിധ സ്ഥലങ്ങളിലെ മണ്ണ്
- മൺകൂന ഒരുക്കൽ
- മൺകട്ടകൾ ശേഖരിക്കൽ
- മണ്ണുകൊണ്ട് നിർമ്മിച്ച വസ്തുക്കൾ.

സംസ്ഥാനം

- ഭൂപട വായന, ജില്ലകൾ, സ്ഥലത്തിന്റെ പ്രാധാന്യം.
- സുന്ദര കേരളം - ചിത്രങ്ങൾ ശേഖരിക്കൽ.

## ആകാശ നിരീക്ഷണം

- സൂര്യന്റെയും ചന്ദ്രന്റെയും ആകൃതി മനസ്സിലാക്കുക.
- ഐ.സി.റ്റി. സാദ്ധ്യത.
- ഭൂമിയുടെ ആകൃതി വരയ്ക്കൽ.

## പക്ഷി നിരീക്ഷണം

- തയ്യാറെടുപ്പ്.
- സന്ദർശിക്കേണ്ട സ്ഥലം, സമയം.
- നിരീക്ഷണ സാമഗ്രികൾ.
- വിദഗ്ദ്ധരുടെ സഹായം.
- പക്ഷികളുടെ ചിത്രപ്രദർശനം.
- നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.

## നാടിനെ അറിയുക

- നാടിന്റെ പണ്ടത്തെ അവസ്ഥ മനസ്സിലാക്കൽ.
- സ്ഥലപ്പേരുകൾ.
- വഴികൾ, റോഡുകൾ, പാലം.
- ആരാധനാലയങ്ങൾ.
- വിദ്യാലയങ്ങൾ.
- മുതിർന്നവരോട് ചോദിക്കൽ
- ചോദ്യാവലി തയ്യാറാക്കൽ.

| | | |
|---|---|---|
| നിരീക്ഷണം | : | ചുറ്റുപാടിലെ വസ്തുക്കൾ, ജീവജാലങ്ങൾ, സംഭവങ്ങൾ, സാമൂഹികം, പരസ്പരം ഇവയെക്കുറിച്ച് ആശയം രൂപീകരിക്കുക ഇന്ദ്രിയങ്ങൾ (കാഴ്ച, കേൾവി, സ്പർശം, ഗന്ധം, രുചി) |
| വർഗീകരണം | : | ശേഖരിച്ച വിവരങ്ങളും വസ്തുക്കളും വ്യത്യസ്ത രീതിയിൽ തരംതിരിക്കുക (കൊളാഷ് രീതിയിൽ) |

| | | |
|---|---|---|
| ആശയം വിനിമയം ചെയ്യൽ | : | നിരീക്ഷണം, കണ്ടെത്തലുകൾ നിഗമനങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാനുള്ള കഴിവ്. (ഉദാ : ചിത്രീകരണം, വാചിക പ്രകടനം, എഴുത്ത്, വീടുനിർമ്മാണം. |
| അളക്കൽ | : | അംഗീകൃതമല്ലാത്ത ഏകകങ്ങൾ ഉപയോഗിക്കാനവസരം നൽകുക. ഉദാ:- (ബക്കറ്റിലെ വെള്ളം മഗ് കൊണ്ട് അളക്കൽ) |
| നിഗമനം രൂപീകരിക്കൽ | : | നിരീക്ഷണത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കാനുള്ള കഴിവ് വികസിപ്പിക്കുക. (ജീവികളിൽ വളർത്തുജീവികളും അല്ലാത്തവയുമുണ്ട്. ആൽബം നിർബന്ധം.) |
| പരീക്ഷണത്തിലേർപ്പെടൽ | : | വിത്ത് മുളപ്പിക്കൽ. സസ്യങ്ങൾക്ക് വിവിധഭാഗങ്ങളുണ്ട്. |
| നിരീക്ഷണം | : | ശബ്ദങ്ങൾ കേൾക്കൽ, ശബ്ദങ്ങൾ തിരിച്ചറിയൽ, ദൂരെയുള്ളവ, അടുത്തു നിന്നുള്ളവ- വേർതിരിക്കൽ.<br>തൊട്ടുനോക്കി പറയൽ.<br>കണ്ണുകെട്ടി കളി.<br>മണത്തു പറയൽ.<br>ഓർമ്മശക്തിയുടെ വികാസവുമായി ബന്ധമുള്ള കളികൾ.<br>യുക്തിചിന്തയുടെ വികാസ പ്രവർത്തനങ്ങൾ.<br>രുചിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>പ്രകൃതി നടത്തം.<br>കൊളാഷ് നിർമ്മാണം, ഔട്ട്ലൈൻ വരയ്ക്കൽ.<br>കടലാസ്, ഇലകൾ, ഓലകൾ, പൂവുകൾ എന്നിവ കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ. |

## എച്ച്. എസ്. - എൽ.പി., യു.പി. വിഭാഗം

പ്രവർത്തനം

3,4,5,6,7 ക്ലാസ്സുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട
വേറിട്ട പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കൽ
ക്വിസ് മത്സരങ്ങൾ.
പ്രസംഗം
സ്കിറ്റ്
ആൽബ നിർമ്മാണം.
ഓരോ കുട്ടിക്കും ഓരോ ആൽബം മികച്ചതിന് സമ്മാനം നൽകും — ജൂൺ, ജൂലൈ, ഓഗസ്റ്റ്
പ്രാദേശിക വിഭവ ഭൂപട നിർമ്മാണം.
വ്യക്തികൾ
സ്ഥാപനങ്ങൾ
സ്ഥലങ്ങൾ.

സെമിനാർ

5,6,7,8,9,10 ക്ലാസ്സുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ

ശില്പശാല

സംവാദം

ഡോക്യുമെന്ററി തയ്യാറാക്കൽ.

## ലൈബ്രറി - എൽ.പി. വിഭാഗം

| പദ്ധതി | പ്രവർത്തനം | കാലയളവ് |
|---|---|---|
| അസംബ്ലി | പത്രവായന<br>കുറിപ്പ് വായിക്കൽ<br>ക്ലാസ്സ് തലം (വായന) | 1 മുതൽ 4 വരെ- ജൂൺ |
| ക്വിസ് മത്സരം | | ആഴ്ചയിലൊരിക്കൽ |
| അനുഭവം പറയൽ | പാട്ടുകൾ കേൾക്കൽ, പാടൽ<br>കഥാ പുസ്തകം വായിച്ചു കേൾക്കൽ.<br>ചിത്രവായന, ദൃശ്യങ്ങൾ നിരീക്ഷിക്കൽ. | |
| വായന | അക്ഷരങ്ങൾ വായിക്കാം.<br>കൂട്ടിച്ചേർത്ത് വായിക്കൽ.<br>അക്ഷര കാർഡ്.<br>പദകാർഡ്<br>ലഘുവാക്യങ്ങൾ വായന<br>ഗ്രാഫിക് വായന<br>ഗ്രൂപ്പിൽ വായന<br>പദാവലി വികസിപ്പിക്കൽ<br>വായനാനുഭവം പങ്കുവയ്ക്കൽ<br>അമ്മ വായന<br>വായനാ കുറിപ്പ് (പതിപ്പ്)<br>കവിത- വായന<br>ആശയം രൂപീകരിക്കുക.<br>പ്രധാന സംഭവങ്ങൾ ക്രമീകരിക്കൽ<br>തുടക്കവും ഒടുക്കവും കണ്ടെത്തുക<br>വായിക്കുക പദം കണ്ടെത്തുക. | |

## എഴുത്ത് - എന്റെ പദശേഖരം

ഗ്രാഫിക് എഴുത്ത്, ചിത്രങ്ങളിൽ നിന്ന് ആശയം കണ്ടെത്തി പദങ്ങൾ, വാക്യങ്ങൾ എന്നിവ എഴുതുക. നിശ്ചല ചിത്രീകരണം, മാതൃക നോക്കി എഴുത്ത്, പാഠഭാഗം പൂർത്തിയാക്കൽ, കഥ കൂട്ടിച്ചേർത്ത് പകർത്തൽ (വ്യവഹാര രൂപം) വരികൾ കൂട്ടിച്ചേർക്കൽ, സംഭാഷണം നടത്തൽ, ലഘുവിവരങ്ങൾ തയ്യാറാക്കൽ, ദൃക്സാക്ഷി വിവരണം, സ്വതന്ത്രമായ എഴുത്തിനുള്ള അവസരം.

| | |
|---|---|
| കഥ | ഊഹിക്കുക |
| | സങ്കൽപ്പിക്കുക |
| | പ്രവചിക്കുക |
| | മാറ്റിപ്പറയുക |
| | സംഭവങ്ങൾ പുനരാവിഷ്കരിക്കുക. |
| | കഥാപതിപ്പിന് പേര് |
| | കവർ ചിത്രങ്ങൾ തയ്യാറാക്കൽ |
| | കഥകൾക്ക് അനുയോജ്യമായ ചിത്രങ്ങൾ വരയ്ക്കൽ. |
| | പതിപ്പാക്കൽ. |
| പഴഞ്ചൊല്ല്- വ്യാഖ്യാനം | പഴഞ്ചൊല്ലുകൾ ശേഖരിക്കൽ |
| | പൂരിപ്പിക്കുക |
| | ആശയം എഴുതുക |
| | വ്യാഖ്യാനം |
| | പതിപ്പ് തയ്യാറാക്കൽ |
| കവിതാരചന | കവിതയുടെ തുടർച്ചയായി വരികൾ എഴുതൽ |
| | കവിയുടെ ഇഷ്ടങ്ങളുടെ സ്ഥാനത്ത് കുട്ടിയുടെ ഇഷ്ടാനുഷ്ടങ്ങൾ എഴുതുക. |
| | പ്രകൃതിയിലെ അനുഭവങ്ങളെ കവിതയാക്കൽ |
| | ക്ലാസ്സ് മാഗസിൻ |
| പത്രനിർമ്മാണം | (ടേമിൽ ഒന്ന്) |

# യു.പി. ഗണിതം

## ലക്ഷ്യങ്ങൾ

1. സംഖ്യാബോധം ഉറപ്പിക്കൽ - എണ്ണൽ സംഖ്യകൾ- അഖണ്ഡ സംഖ്യകകൾ- ഭിന്നസംഖ്യകകൾ- ദശാംശ സംഖ്യകകൾ.
2. ചതുഷ്ക്രിയകൾ- എണ്ണൽ സംഖ്യകൾ- ഭിന്നസംഖ്യകൾ- ദശാംശ സംഖ്യകൾ- ശരാശരി എന്ന ആശയം ഉറപ്പിക്കൽ
3. ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയൽ.
4. ജ്യാമിതീയ രൂപങ്ങളുടെ ചുറ്റളവ്, പരപ്പളവ്, വ്യാപ്തം ഇവയെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കുന്നു.
5. ശതമാനം - നൂറിലെത്ര? ലാഭശതമാനം, നഷ്ടശതമാനം, റിബേറ്റ്, ഡിസ്കൗണ്ട്, പലിശ എന്നീ ആശയങ്ങളെക്കുറിച്ച് ധാരണ
6. വേഗത- ദൂരം, സമയം- ബന്ധം ഉറപ്പിക്കൽ.
7. കൃതീകരണം, വർഗം, വർഗമൂലം ഇവ തെറ്റില്ലാതെ ചെയ്യാൻ പ്രാപ്തരാക്കുക.
8. കോണം എന്ന ആശയം - ചതുരം, വൃത്തം, ത്രികോണം - കോണുകൾ തിരിച്ചറിയൽ
9. രേഖീയ ജോടികൾ, സമാന്തരരേഖകൾ-സവിശേഷതകൾ തിരിച്ചറിയൽ.
10. ബീജഗണിതം എന്ന ആശയം

11 പൈതഗോറസ് സിദ്ധാന്തം - സാമാന്യധാരണ ഉറപ്പിക്കൽ

12 ന്യൂന സംഖ്യകൾ സാമാന്യധാരണ ഉറപ്പിക്കൽ

13 ഐ സി.റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തൽ.

14 ലാബ് പ്രവർത്തനങ്ങൾ- ഗണിതാവബോധം വളർത്തൽ- നിർമ്മാണം പ്രേജക്റ്റ്- ഗണിത മാസിക-ഗണിതകേളികൾ - പസിൽസ്

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | സംഖ്യാ കാർഡുകൾ നൽകി സംഖ്യകകൾ വായിപ്പിക്കുകയും ആരോഹണ അവരോഹണ ക്രമങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. അബാക്കസ് ഉപയോഗിച്ച് സ്ഥാനവില ബോധ്യപ്പെടുത്തുന്നു. | ജൂൺ | V | 1 |
| 2. | സംഖ്യാ ചാർട്ടുകൾ നൽകി വ്യത്യസ്ത സംഖ്യകളുടെ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം ഇവ ചെയ്യുന്നു. ശരാശരി എന്ന ആശയം ഉറപ്പിക്കുന്നു. ഭിന്നസംഖ്യകകൾ, ദശാംശ സംഖ്യകകൾ ഇവയുടെ ചതുഷ്ക്രിയകളും പ്രായോഗിക പ്രശ്നങ്ങളും ചെയ്യുന്നു. | ജൂലൈ | V, VI, VII | 2 |
| 3. | വ്യത്യസ്ത ജ്യാമിതീയ രൂപങ്ങൾ മോഡലുകളുടേയും ചിത്രങ്ങളുടേയും സഹായത്തോടെ തിരിച്ചറിയുന്നു. ഐസിറ്റി സഹായം. മട്ടക്കോൺ, ന്യൂനകോൺ, ബൃഹത്കോൺ, ലംബം ഈ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഓഗസ്റ്റ് | V, VI, VII | 3, 13 |
| 4. | ഗ്രാഫ് പേപ്പർ, ചതുരക്കട്ടകൾ ഇവ ഉപയോഗിച്ചുളള പ്രവർത്തനങ്ങൾ. ചുറ്റുമുളള അളവ് ചുറ്റളവെന്നും, യൂണിറ്റ് ചതുരങ്ങളുടെ എണ്ണം പരപ്പളവെന്നും, യൂണിറ്റ് ചതുരക്കട്ടകളുടെ (ക്യൂബ്) എണ്ണം വ്യാപ്തമെന്നും ബോധ്യപ്പെടുത്തൽ- അവയുടെ യൂണിറ്റ് തിരിച്ചറിയൽ. | സെപ്തംബർ | V, VI, VII | 4, 13 |
| 5 | ശതമാനം- ലാഭശതമാനം, നഷ്ടശതമാനം, പലിശ, റിബേറ്റ്, ഡിസ്കൗണ്ട് ഉൾക്കൊളളുന്ന പ്രായോഗി സന്ദർഭങ്ങൾ ഉൾക്കൊളളുന്ന പ്രവർത്തനങ്ങൾ. | ഒക്ടോബർ | VI, VII | 5 |
| 6. | പഠനോപകരണങ്ങളുടേയും ചാർട്ടിന്റെയും സഹായത്തോടെ ഭിന്നസംഖ്യകകൾ, ദശാംശസംഖ്യകൾ ഇവ ഉൾക്കൊളളുന്ന പ്രായോഗിക പ്രശ്നങ്ങൾ. | നവംബർ | V, VI, VII | 6, 13 |
| 7 | വേഗത-സമയം-ദൂരം ബന്ധപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ - വേഗതയുടെ യൂണിറ്റ്. | നവംബർ | VII | 6 |
| 8 | കൃതീകരണം- വർഗം- വർഗമൂലം ഇവ ഉൾക്കൊളളുന്ന പ്രവർത്തനങ്ങൾ - വർഗവും വർഗമൂലവും സമചതുരത്തിന്റെ പരപ്പളവുമായി ബന്ധപ്പെടുത്തൽ. | നവംബർ | VII | 7 |

| | | | | |
|---|---|---|---|---|
| 9 | രേഖീയ ജോഡികൾ സമാന്തര വരകൾ ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ലംബം എന്ന ആശയം. | നവംബർ | VI, VII | 8, 9 |
| 10. | ബീജഗണിതം ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ. | ഡിസംബർ | VI, VII | 10 |
| 11 | പൈതഗോറസ് സിദ്ധാന്തം- പ്രായോഗിക പ്രശ്നങ്ങൾ. | ജനുവരി | VII | 11, 13 |
| 12 | ന്യൂനസംഖ്യകൾ - പ്രായോഗിക സന്ദർഭങ്ങൾ- പഠനോപകരണങ്ങളുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ. | ഫെബ്രുവരി | VII | 12 |
| 13 | ലാബ് പ്രവർത്തനങ്ങൾ- ഗണിതാവബോധം വളർത്തൽ- നിർമ്മാണം- പ്രോജക്ട്- ഗണിതമാസിക- ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്ന ലഘുജീവ ചരിത്രക്കുറിപ്പുകൾ അവതരണം. | ജൂൺ മുതൽ ഫെബ്രുവരി വരെ ഒരു വർഷം | V, VI, VII | 13, 14 |

## ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും ശ്രദ്ധയോടെയും താല്പര്യത്തോടെയും ഇംഗ്ലീഷ് ശ്രവിക്കാൻ പ്രാപ്തരാക്കുക.
2. ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കാൻ പരിശീലിപ്പിക്കുക.
3. തെറ്റുകൂടാതെ ഇംഗ്ലീഷ് വായിക്കുവാൻ പ്രാപ്തരാക്കുക.
4. സ്വന്തം ആശയങ്ങൾ ഇംഗ്ലീഷിൽ എഴുതി പ്രകടിപ്പിക്കുവാൻ പ്രാപ്തരാക്കുക.
5. ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഘുനാടകങ്ങളും സംഭാഷണങ്ങളും അവതരിപ്പിക്കുക.
6. ഇംഗ്ലീഷ് മാഗസിൻ, നിഘണ്ടു ഇവ തയ്യാറാക്കുക.
7. ഐ. സി. റ്റി. ഉപയോഗം.

| ക്രമ നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | Story Telling, Conversation- Audio Video Programmes. | June | V, VI, VII | 1, 7 |
| 2. | Picture reading, conversation, Reconstruction of stories, Poems – Audio presentation. | July | V, VI, VII | 2, 7 |
| 3. | Picture reading, Loud reading, News Paper reading, Text book reading. (ICT) | August, September | V, VI, VII | 3, 7 |
| 4. | Word- web- description, letter writing, diary writing, conversation, script writing. | October, November | V, VI, VII | 4 |
| 5. | Short plays, English Assembly | December, January | V, VI, VII | 5 |
| 6. | English Magazine, Dictionary | 1 year | V, VI, VII | 6 |

# യു.പി. മലയാളം
## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഹ്രസ്വകാലം

മുഖ്യലക്ഷ്യം

5,6,7 ക്ലാസ്സുകളിലെ കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്.

ഉപലക്ഷ്യം

കുട്ടികളിൽ അക്ഷരജ്ഞാനം ഉറപ്പിക്കുന്നതിലൂടെ അവരെ മികച്ച വായനക്കാരാക്കുക.

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | കുട്ടികളെ മികച്ച വായനക്കാരാക്കുക | ക്ലാസ്സ് വായനക്കൂട്ടം | 6 മാസം | ലൈബ്രറി | അദ്ധ്യാപകർ ബി.ആർ.സി. |
| 2. | --- | പത്രവായന | 4 മാസം | വിവിധ പത്രങ്ങൾ | പി.ടി.എ., മറ്റ് ഏജൻസികൾ |

## ക്ലാസ്സ് വായനക്കൂട്ടം

### പ്രവർത്തന രീതി

കുട്ടികളെ അഞ്ചുപേർ വീതമുള്ള നാല് ഗ്രൂപ്പുകളാക്കുന്നു. പാഠഭാഗവുമായി ബന്ധമുള്ള ചെറിയ പുസ്തകങ്ങൾ രണ്ടെണ്ണം വീതം ഓരോ ഗ്രൂപ്പിലും നൽകൽ. ഗ്രൂപ്പിലെ എല്ലാവരും വായിച്ച് ചർച്ച ചെയ്ത് വായനക്കുറിപ്പ് തയ്യാറാക്കൽ. പുസ്തകങ്ങൾ ഓരോന്നും ഗ്രൂപ്പുകൾ കൈമാറി വായിക്കുന്നു. ഉല്പന്നമായി ഓരോ ഗ്രൂപ്പിലും 8 വായനക്കുറിപ്പുകൾ ലഭിക്കുന്നു. സ്കൂൾ അസംബ്ലിയിൽ വച്ച് അവതരിപ്പിക്കുക.

### പത്രവായന - പ്രവർത്തന രീതി

ഓരോ ഗ്രൂപ്പിലും ഒരു പത്രം വച്ച് നൽകുന്നു. കുട്ടികൾ നന്നായി വായിച്ച് ചർച്ച ചെയ്ത് ഒരു പത്രക്വിസ് (ഓരോ ഗ്രൂപ്പിലും) ഒരു പത്രവാർത്ത (ഓരോ കുട്ടികളും) തയ്യാറാക്കുന്നു. ആഴ്ചയിലൊരിക്കൽ മറ്റു ഗ്രൂപ്പുമായി മത്സരം സംഘടിപ്പിക്കൽ. വാർത്താ അവതരണവും നടത്തണം. കാലയളവു പൂർത്തിയാവുമ്പോൾ ഓരോ ഗ്രൂപ്പും ഒരു പത്രം തന്നെ തയ്യാറാക്കണം.

## മധ്യകാലം

മുഖ്യലക്ഷ്യം : കുട്ടികളിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

ഉപലക്ഷ്യം : നല്ല സംസാര ശൈലിയും ഭാഷാ പ്രയോഗവും വളർത്തിയെടുക്കൽ.

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | പ്രസംഗം തയ്യാറാക്കൽ, അവതരണം | ആനുകാലിക വിഷയങ്ങൾ കണ്ടെത്തൽ, ചർച്ച, തയ്യാറാക്കൽ, അവതരണം. | മാസത്തിൽ ഒന്ന്. | പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പി.ടി.എ., വിവിധ ഏജൻസികൾ |
| 2 | സംവാദം | കഥ വായിക്കൽ, ചർച്ച, കുറിപ്പ് തയ്യാറാക്കൽ | ടേമിൽ ഒന്ന് | ടി.ബി. ലൈബ്രറി | ടീച്ചർ |

### പ്രസംഗം - പ്രവർത്തന രീതി

പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിച്ച് ഏറ്റവും പ്രാധാന്യമുളള സംഭവം കണ്ടെത്തൽ. ഈ വിഷയത്തെ അധികരിച്ച് കുട്ടികൾ വായിച്ചതും അവർക്കറിയാവുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുത്തി പ്രസംഗം ക്ലാസ്സിൽ അവതരിപ്പിക്കുക. തുടർന്ന് വീട്ടിൽ പോയി കുറച്ചുകൂടി ആലോചിച്ച് മുതിർന്നവരുടെ സഹായത്താലും എഴുതി തയ്യാറാക്കൽ. മാസത്തിൽ ഒന്നുവച്ച് ക്ലാസ്സിൽ തന്നെ പ്രസംഗവേദി ഒരുക്കൽ. ഇ.സി.എയിലും സ്കൂൾ അസംബ്ലിയിലും അവതരിപ്പിക്കൽ. മെച്ചപ്പെട്ടവയ്ക്ക് സമ്മാനം.

### സംവാദം - പ്രവർത്തന രീതി

ഏഴാം ക്ലാസ്സിലെ അടിസ്ഥാന പാഠാവലിയിൽ ടി. പത്മനാഭന്റെ അശ്വതി എന്ന കഥ യു.പി. ക്ലാസ്സിലെ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ടീച്ചറുടെ സഹായത്തോടെ ആഴത്തിലുള്ള വായന നടത്തുന്നു. കുട്ടികളെ രണ്ടു ഗ്രൂപ്പായി തിരിച്ച് ആഴത്തിൽ വായിച്ച് കഥക മനസ്സിലാക്കൽ. ഒരാളെ മോണിറ്ററായി കണ്ടെത്തണം. കച്ചവടക്കാരന്റെ മനസ്സ് സങ്കുചിതമോ വിശാലമോ? - ഈ വിഷയത്തെ അധികരിച്ച് കുട്ടികൾ ചർച്ച നടത്തൽ. ഒരു ഗ്രൂപ്പ് സങ്കുചിതം- മറു ഗ്രൂപ്പ് - വിശാലം മോഡറേറ്ററുടെ സഹായത്തോടെ സംവാദം നടത്തൽ. ടീച്ചറുടെ മേൽനോട്ടം ആവശ്യമാണ്.

## ദീർഘകാലം

മുഖ്യലക്ഷ്യം : പദപരിചയം നേടുന്നതിന്.

ഉപലക്ഷ്യം : ആശയഗ്രഹണ ശേഷി വർദ്ധിപ്പിക്കൽ.

| ക്രമ നമ്പർ | പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | നിഘണ്ടു തയ്യാറാക്കൽ | ടി.ബിയിലെ ഓരോ പാഠത്തിലേയും പദങ്ങൾ അക്ഷരമാലാക്രമത്തിൽ എഴുതി അർത്ഥം കണ്ടെത്തൽ. | ഒരു വർഷം | ടി.ബി., ശബ്ദതാരാവലി | ടീച്ചർ, പി.ടി.എ |

### പ്രവർത്തന രീതി

ഓരോ പാഠത്തിലും വരുന്ന പുതിയതും പഴയതുമായ പദങ്ങൾ നോട്ട്ബുക്കിൽ ശേഖരിക്കുക. അവയുടെ അർത്ഥം ശബ്ദതാരാവലിയുടെ സഹായത്താൽ കണ്ടെത്തുക. പ്രവർത്തനം രണ്ടു ഗ്രൂപ്പായി തിരിഞ്ഞ് മത്സരമായി ക്ലാസ്സിൽ നടത്താം. അതേ അർത്ഥം വരുന്ന മറ്റു പദങ്ങളും കണ്ടെത്താം. വർഷാവസാനമാകുമ്പോൾ പുതിയ ബുക്കിൽ അക്ഷരമാലാ ക്രമത്തിൽ എഴുതി നിഘണ്ടു തയ്യാറാക്കാം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹൈസ്കൂൾ വിഭാഗം (മലയാളം)

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക എന്ന ലക്ഷ്യം നേടുന്നതിനായായി സർക്കാർ തലത്തിൽ രൂപികരിച്ച നൂനതന സംരംഭത്തിന്റെ രൂപരേഖയാണ് ഇവിടെ തയാറാക്കുന്നത്.

### ലക്ഷ്യങ്ങൾ

1. എല്ലാവരെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
2. വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള് പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
3. ക്ലാസ്സ് മുറിയിൽ വായനക്കൂട്ടവും എഴുത്ത് കൂട്ടവും രൂപീകരിക്കുക.
4. വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുക.
5. മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുക.
6. വിവിധനിലവാരത്തിലുള്ള ചെറുപുസ്തകങ്ങൾ കുട്ടികൾ പരിചയപ്പെടുക.
7. സ്കൂൾ, ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ കുട്ടികൾ നന്നായി ഉപയോഗിക്കുക. വായനകുറിപ്പ് തയാറാക്കുക.
8. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ ഇവ രുപീകരിക്കുക.
9. വായനാസാമഗ്രികൾ കണ്ടെത്തുക. വികസിപ്പിക്കുക.
10. ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക.
11. എല്ലാ കുട്ടികൾക്കും ഗ്രന്ഥശാലാ അംഗത്വം കൊടുക്കുക.
12. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
13. എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുക.
14. ഇൻലാന്റ് മാഗസിൻ ചുമർ മാഗസിൻ എന്നിവയുടെ വായന എഴുത്ത് എന്നിവ പരിപോക്ഷിപ്പിക്കുക.
15. സാഹിത്യകാരന്മാരുമായുള്ള സംവാദം അഭിമുഖം എന്നിവ സംഘടിപ്പിക്കുക.

### ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ

1. അക്ഷരം ഉറപ്പിക്കൽ
2. അടയാളം ഉറപ്പിക്കൽ
3. അക്ഷരകാർഡ് നൽകൽ
4. പദ പ്രശ്നം പൂരിപ്പിക്കൽ

5. അക്ഷരകാർഡ് നൽകൽ - വാക്യങ്ങൾ നിർമ്മിക്കൽ
6. വാക്കുകൾ എഴുതിയ കാർഡ്
7. വാക്കുകൾ നിർമിക്കുക
8. വാക്യങ്ങൾ നിർമ്മിക്കുക
9. ചിത്രത്തിന്റെ അടിക്കുറിപ്പ് എഴുതിക്കുക
10. ചിത്രം കാണിച്ച് കഥ പറയിക്കുക
11. ചിത്രം കാണിച്ച് കഥ എഴുതൽ
12. കഥയുടെ ബാക്കി എഴുതിക്കുക
13. കഥയുടെ ആസ്വാദനം എഴുതിക്കുക
14. കഥപുസ്തകം നൽകി വായിപ്പിക്കുക
15. സി.ഡിയിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതിക്കുക.
16. പദാവലി വികസിപ്പിക്കൽ
17. ശുദ്ധവും സ്പഷ്ടവുമായ ശ്രവ്യവായന കേൾക്കാൻ
18. സാഹിത്യരൂപങ്ങളും പുസ്തകങ്ങളും കാണാൻ അവസരം ഉണ്ടാക്കുക.

കുട്ടിയെ മികച്ച വായനക്കാരനാക്കാനുള്ള പ്രവർത്തനങ്ങൾ

1. ക്ലാസിൽ വായനക്കൂട്ടം രൂപികരിക്കുക
2. വായനമൂല ക്ലാസ്സ് ലൈബ്രറി രൂപീകരിക്കുക.
3. സ്കൂൾ ലൈബ്രറി നവീകരിക്കുക
4. ലൈബ്രറി പുസ്തകങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക.
5. സമീപ ഗ്രന്ഥശാലയിൽ കുട്ടികളെ അംഗത്വം എടുപ്പിക്കുക.
6. പത്രവായന
7. അമ്മവായന
8. സാഹിത്യകൃതികളുടെ വായന.
9. വായനോത്സവം, വായനക്വിസ് സംഘടിപ്പിക്കുക.
10. വാർത്ത വായന പരിചയപ്പെടുത്തൽ
    വായനാനുഭവം പങ്കുവയ്ക്കൽ
11. വായനക്കുറിപ്പ് എഴുതിക്കുക
12. പുസ്തകചർച്ച.
13. വായനാകുറിപ്പ് പതിപ്പ് തയ്യാറാക്കുക.
14. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ നടത്തുക.
15. ക്ലാസ് സഭ നടത്തുക.
16. സ്കൂൾ സഭ, ബാലസഭ നടത്തുക.
17. ദിനാചരണങ്ങൾ നടത്തുക.
18. ആകാശവാണി ക്ലബ്ബ്
19. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.
20. സാഹിത്യകാരന്മാരുടെ സ്മാരകങ്ങളും സാഹിത്യ പ്രാധാന്യമുള്ള പ്രദേശങ്ങളും സന്ദർശിക്കുക
21. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും പ്രോത്സാഹിപ്പിക്കുക.
22. ആസ്വാദ്യകരമായ വായന നടത്തി. കുറിപ്പ് തയ്യാറാക്കുക.
23. വായന സാമഗ്രികൾ വികസിപ്പിക്കൽ.
24. ക്ലാസ് മാഗസിൻ, സ്കൂൾ മാഗസിൻ
25. പുസ്തകം കൊടുക്കൽ
26. വായനക്കൂട്ടം
27. കാവ്യക്കൂട്ടം, അക്ഷരശ്ലോകം, അന്താക്ഷരി

കുട്ടിയെ മികച്ച എഴുത്തുകാരനാകാനുള്ള പ്രവർത്തനങ്ങൾ

1. എഴുത്തുകൂട്ടം രൂപികരിക്കുക
2. പുസ്തകചർച്ച
3. ക്ലാസ്സ് ലൈബ്രറി
4. ചിത്രകഥ വികസിപ്പിക്കൽ; കഥാകഥനം
5. വായനക്കുറിപ്പ് പതിപ്പ്
6. നോട്ടീസ്. പോസ്റ്റർ, ക്ഷണക്കത്ത്.
7. പുസ്തകാസ്വാദനം
8. വിവിധ സാഹിത്യശാഖ പരിചയപ്പെടൽ
9. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.
10. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ
11. എഴുത്തുകൂട്ടം, മോണിറ്ററിംഗ്
12. വായനക്കുറിപ്പ് ; ആസ്വാദനക്കുറിപ്പ്; കഥാരചന, കവിതാരചന നാടകരചന
13. ബാലസഭ
14. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്
15. വ്യക്തിഗതരചന (ഉപന്യാസം, പ്രബന്ധം
16. സംഘരചന
17. ഭാഷാപോജക്ട്
18. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം
19. സാഹിത്യകാരന്മാരെ പരിചയപ്പെടൽ
20. സാഹിത്യ സാംസ്കാരിക ചിത്രഗാലറി
21. കഥ കവിത രൂപികരണം
22. പുറന്താൾക്കുറിപ്പ്, ഓർമ്മക്കുറിപ്പ്, താരതമ്യക്കുറിപ്പ്, കഥയരങ്ങ്

കുട്ടിയുടെ സർഗ്ഗശേഷി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ

1. നാടൻ പാട്ട്, മിനിക്കഥ, മിനിക്കവിത ഇവയുടെ രചന
2. അനുഭവവിവരണം, ഓർമ്മക്കുറിപ്പ്, യാത്രാവിവരണങ്ങൾ.
3. ഉപന്യാസം, ലേഖനം
4. വൈകാരികനുഭവങ്ങളെ ഇഷ്ടപ്പെട്ട വ്യവഹാരത്തിൽ (കുറിപ്പ്, കവിത, ചിത്രം, കഥ) അവതരിപ്പിക്കാൻ അവസരം നൽകുക.
5. കുട്ടികളെകൊണ്ട് സ്വന്തം ഗ്രാമത്തെക്കുറിച്ചും ഗ്രാമസങ്കല്പത്തെക്കുറിച്ചും കുറിപ്പ് തയ്യാറാക്കുന്നു
6. എന്റെ ഗ്രാമം എന്ന പതിപ്പ് തയ്യാറാക്കുന്നു.
7. വിദ്യാലയാനുഭവങ്ങൾ കാവ്യാത്മക ഭാഷയിലവതരിപ്പിക്കുന്നു.
8. പ്രസംഗരചന, നാടകരചന, തിരക്കഥ രചന, സ്കിറ്റ് രചന
9. കഥാപ്രസംഗം, വഞ്ചിപ്പാട്ട്, തുള്ളൽപ്പാട്ട്
10. താളവാദ്യങ്ങളുടെ ചിത്രങ്ങളുടെ ആൽബം തയ്യാറാക്കൽ വാദ്യങ്ങളുടെ നിർമ്മാണം
11. ഡോക്യുമെന്ററി തയ്യാറാക്കൽ
12. കൈയെഴുത്തു മാസിക

# അക്കാദമിക് മാസ്റ്റർ പ്ലാൻ -
# ഇംഗ്ലീഷ് - എച്ച്. എസ്.

## ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷ കേൾക്കുമ്പോഴും, വായിക്കുമ്പോഴും, ശരിയായ രീതിയിൽ ശ്രദ്ധിക്കുന്നതിനും, ഗ്രഹിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക.
2. ദൈനംദിന ക്ലാസ്സ് റൂം പ്രവർത്തനങ്ങളിലും മറ്റും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇംഗ്ലീഷ് ഭാഷ നന്നായി വായിക്കാനുള്ള കഴിവ്.
4. കുട്ടിക്ക് തന്റെ ആശയങ്ങൾ വിവിധ ഭാഷാ വ്യവഹാരങ്ങളിലൂടെ പ്രകടിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കൽ.
5. ജീവിതത്തിൽ എല്ലാ അവസരങ്ങളിലും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള കഴിവ് നേടുന്നതിന്.

| | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | കമാൻഡ്സ്, കോൺവെർസേഷൻ, സ്റ്റോറി ടെല്ലിംഗ്<br>ഉച്ചയ്ക്കുശേഷം പീരീയഡുകൾ, (അധികം നഷ്ടപ്പെടാതെ) ക്രമീകരണം. | 1, 3 വെള്ളിയാഴ്ചകളിൽ<br>ജൂൺ-ജൂലൈ | 8-10<br>8-10 | 1 |
| 2. | പബ്ലിക് സ്പീക്കിംഗ്, തിങ്കൾ, വ്യാഴം, അസംബ്ലി, ഓഡിയോ വീഡിയോ സംവിധാനങ്ങൾ (ഐ.സിറ്റി- സാധ്യതകൾ) പ്രയോജനപ്പെടുത്തുന്നു. (സ്മാർട്ട് ക്ലാസ്സ് റൂം.) | ജൂൺ- ഓഗസ്റ്റ് | 8-10 | 2 |
| 3. | മൈം, സ്കിറ്റ് | ഓഗസ്റ്റ്- സെപ്തംബർ | 1-7, 8-10 | 3 . |
| 4. | സ്ക്രിപ്റ്റ് റൈറ്റിംഗ്, പ്രൊഫൈൽ, കൊറിയോഗ്രാഫി, ഡോക്യുമെന്ററി, ഔട്ട്ലൈൻ സ്റ്റോറി പൂർത്തിയാക്കുന്നു. | സെപ്തംബർ- ഒക്ടോബർ<br>ജനുവരി-ഫെബ്രുവരി | 8-10<br>8-10 | 4<br>. |

## പ്രവർത്തനം -1

കുട്ടികൾ, പാഠഭാഗത്തെ സംഭാഷണ ശകലം മുൻകൂട്ടി തയ്യാറാക്കി വന്ന് ഗ്രൂപ്പുകളായി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.

1. സ്റ്റോറി ടെല്ലിംഗ് : പാഠഭാഗവുമായി ബന്ധപ്പെട്ട മറ്റ് കഥകൾ (Moral Stories) അവതരിപ്പിക്കുന്നു.

കമാൻഡ്സ്, ആജ്ഞ, അപേക്ഷ, ചോദ്യങ്ങൾ തുടങ്ങിയവ തയ്യാറാക്കി അവതരിപ്പിക്കുന്നു.

2. പബ്ലിക് സ്പീക്കിംഗ് :

ക്ലാസ്സ് അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. തിങ്കൾ, വ്യാഴം മഹദ്വ്യക്തികളുടെ പ്രസംഗത്തിന്റെ വീഡിയോ ക്ലിപ്പിംഗ്സ് തയ്യാറാക്കിയ സമയക്രമം അനുസരിച്ച് പ്രദർശനം നടത്തി കുട്ടികളിൽ പ്രാസംഗിക പാടവം ജനിപ്പിക്കുന്നു.

റൈംസ് :

പാഠഭാഗത്തെ പോയംസ്, വിഖ്യാത സിനിമ, സിഡി (പാഠഭാഗവുമായി ബന്ധപ്പെട്ട) പ്രദർശിപ്പിക്കുന്നു.

3 സ്കിറ്റ്:

സാമൂഹ്യ പ്രാധാന്യമുള്ള (ബോധവൽക്കരണം നൽകുന്നു.), സ്കിറ്റുകളും, റൈംസുകളും കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്നു

4 **കുട്ടികളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനകളെ കണ്ടെത്തി ഡോക്യുമെന്ററി തയ്യാറാക്കുന്നു.**

തിരക്കഥ, രചന, രംഗാവിഷ്കരണം, വസ്ത്രാലങ്കാരം തുടങ്ങിയവ കുട്ടികളെ പരിചയപ്പെടുത്തിയ ശേഷം അവ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പ്രൊഫൈൽ തയ്യാറാക്കുന്നു, ഔട്ട്ലൈൻ സ്റ്റോറി പൂർത്തിയാക്കുന്നു.

5 **ലവ് ഇംഗ്ലീഷ്** എന്ന പ്രവർത്തനത്തിലൂടെ ഇംഗ്ലീഷ് ഭാഷയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും, സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ മുൻപിൽ പ്രകടിപ്പിക്കുന്നതിനുമായി സ്കൂൾ അസംബ്ലി, ന്യൂസ് റീഡിംഗ്, സ്പീച്ച്, ദിനാചരണങ്ങൾ (Important days) എന്നിവ അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യങ്ങൾ (4) നേടാൻ സാധിക്കുന്നു. ന്യൂസ് റിപ്പോർട്ടിംഗ്, സ്കൂൾ ന്യൂസ്പേപ്പർ, ഇംഗ്ലീഷ് മാഗസിൻ.

6 **ഡിസ്കഷൻ:** ആനുകാലിക പ്രസിദ്ധീകരണങ്ങൾ (പത്രങ്ങൾ) മുഖേന ലഭിക്കുന്ന വാർത്തകൾ ശേഖരിച്ച് തുറന്ന ചർച്ചയ്ക്കു ശേഷം ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കുന്നു.

# ഹിന്ദി മാസ്റ്റർ പ്ലാൻ

## (യു.പി, എച്ച്. എസ് വിഭാഗം)

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ഹിന്ദി നാടകോത്സവം (വിവിധ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത്)<br>• വിദ്യാർത്ഥികൾക്ക് ക്യാമ്പ്<br>• കഥാവായന<br>• കഥാരചന<br>• സ്ക്രിപ്റ്റ് റൈറ്റിംഗ്<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• ഹിന്ദി നാടക അഭിനേതാക്കൾ, ലേഖകർ എന്നിവരുടെ അഭിമുഖം, ശില്പശാലകൾ<br>• ക്ലാസ്സ്തല അഭിനയ പരിശീലന അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം<br>• പി.ടി.എ, സി.പി.റ്റി.എ, കോർണർ, പി.റ്റി.എകളിൽ അവതരണം, സ്കൂൾ വാർഷികം.<br>• ഡോക്യുമെന്റേഷൻ, ഐടി സാധ്യത ഉപയോഗിച്ച്<br>• അധ്യാപക ഹിന്ദി നാടകോത്സവം | ഒരു വർഷം | 5,6,7,8,9,10 | |
| 2 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം | 6 മാസം | 5-10 | |

| | | | | |
|---|---|---|---|---|
| | • ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം.<br>• വാർത്തകൾ കേൾക്കാനുള്ള അവസരം<br>• ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം.<br>• ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക.<br>• ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്കു കുടി പഠനയാത്രകൾ പ്ലാൻ ചെയ്യുക. | | | |

### ഉപലക്ഷ്യങ്ങൾ

- സ്കൂൾ അസംബ്ലി- ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തൽ.
- സ്കൂൾ ലൈബ്രറിയിൽ ഹിന്ദിക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു.
- കഥകൾ, കവിതകൾ, നാടകങ്ങൾ തുടങ്ങിയവ വായിക്കാൻ അവസരമൊരുക്കുന്നു.
- രചനപരമായ കഴിവുകൾ വളർത്താനുള്ള അവസരങ്ങൾ ഒരുക്കുന്നു. (സ്ക്രിപ്റ്റ്, കവിത, ലേഖനങ്ങൾ, കഥകൾ).
- ഹിന്ദി പത്രം- മാസത്തിലൊരിക്കൽ തയ്യാറാക്കുന്നു.
- ഹിന്ദി ദിനാചരണങ്ങൾ
- ഐടി പഠന പ്രവർത്തനങ്ങളുടെ സാധ്യത.
- പരസ്പര ചർച്ചയിലൂടെ സംശയ നിവാരണം, എഡിറ്റിംഗ് തുടങ്ങിയവ നടപ്പിലാക്കുക.

## സോഷ്യൽ സയൻസ് - എച്ച്. എസ്.

### ലക്ഷ്യങ്ങൾ

ചരിത്ര, സാംസ്കാരിക അവബോധം, സാമൂഹ്യപ്രശ്നങ്ങളുടെ വിശകലനത്തിന് ആവശ്യമായ കഴിവ് തുടങ്ങിയവ നേടുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക.

കുട്ടിയുടെ സർഗവാസനകൾ വികസിപ്പിക്കുക, വിവിധ വസ്തുതകൾ കണ്ടെത്തി നിരീക്ഷണപാടവം വളർത്തുക.

വസ്തുനിഷ്ഠമായും, സ്വതന്ത്രമായും ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്.

കഴിഞ്ഞകാലത്തെക്കുറിച്ചുള്ള കാലഗണന അവബോധം കുട്ടികളിൽ വളർത്തുക.

മികച്ച ആശയങ്ങൾ സ്വാംശീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള കഴിവ് കുട്ടികൾ നേടുന്നതിന്.

ലോകരാഷ്ട്രങ്ങൾ, ജനതകൾ, വിവിധ സംസ്കാരങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ജനിപ്പിക്കുന്നതിന്.

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ക്ലാസ്സിൽ വായനാമൂല - രൂപീകരണം.<br>• വായനാക്കുറിപ്പ് തയ്യാറാക്കുന്നു.<br>• വിവിധ ദിനാചരണങ്ങൾ ആചരിക്കുന്നു. | ഒരു വർഷം | 8 - 10 | 1 |

| | | | | |
|---|---|---|---|---|
| | • പ്രാദേശിക ചരിത്ര രചന.<br>• ഫീൽഡ് വിസിറ്റ്.<br>• സാമൂഹ്യശാസ്ത്ര ക്ലബ്. | | | |
| 2. | മോഡലുകൾ മറ്റ് നിർമ്മിതികൾ.<br>• ഭൂപട നിർമ്മാണം.<br>• പോസ്റ്റർ<br>• ചുവർ പത്രിക<br>• കൊളാഷ്<br>സാമൂഹ്യശാസ്ത്ര മേളയിൽ പ്രദർശിപ്പിച്ച മാതൃകകളുടെ പ്രദർശനം. | ജൂൺ-ജൂലൈ<br><br><br><br><br>ഓഗസ്റ്റ്-ഒക്ടോബർ | 8-10 | 2 |

പ്രവർത്തനം-1

1. 8-10 **വരെയുള്ള ക്ലാസ്സുകളിൽ 'വായനാമൂല' രൂപീകരിക്കുന്നു.**
    - ചരിത്രപുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ആത്മകഥകൾ, മഹദ്വ്യക്തികൾ, സ്വാതന്ത്ര്യസമര സേനാനികൾ, വിവിധ ലോകരാജ്യങ്ങൾ തുടങ്ങിയ പുസ്തകങ്ങൾ വായിക്കുന്നു.
    - വിവിധ ആഘോഷങ്ങൾ, വിവരശേഖരണം നടത്തി ഓരോന്നിനും ആവശ്യമായ ഒരുക്കങ്ങൾ, കേരള കലാരൂപങ്ങൾ തുടങ്ങിയവയുടെ നിരീക്ഷണം, വിവരശേഖരണം.
    - തുടർന്ന് വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
    - സാമൂഹ്യശാസ്ത്ര ക്ലബ്.
2. **മോഡലുകളും മറ്റു നിർമ്മിതികളും കുട്ടികൾ ക്ലാസ്സ് അടിസ്ഥാനത്തിൽ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.**
    - സാമൂഹ്യശാസ്ത്ര പ്രദർശനം.
    - ഫ്ളോചാർട്ട് തയ്യാറാക്കുന്നു.
    - ദേശഭക്തിഗാനങ്ങൾ - പതിപ്പ്.
    - ദേശീയപതാക നിർമ്മാണം.
    - കലാരൂപങ്ങൾ, ദേശീയ ദിനാഘോഷം, ദിനാചരണം- ചിത്രങ്ങൾ ശേഖരിച്ചു പ്രദർശിപ്പിക്കുന്നു.
    - സാമൂഹ്യ ശാസ്ത്ര ആൽബം, നാണയശേഖരണം, സ്റ്റാമ്പ്, പുരാവസ്തുക്കൾ, മണ്ണിനങ്ങൾ. വിവിധതരം ശിലകളുടെ ശേഖരണം.
    - സാമൂഹ്യശാസ്ത്ര ലാബ്, ലൈബ്രറി.
3. **കുട്ടികളുടെ ആശയങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നതിനായി.**
    - സംവാദം, ചർച്ച, സെമിനാർ, ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. (ദിനാചരണങ്ങളുമായി ബന്ധപ്പെട്ടവ, സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങൾ തുടങ്ങിയവ), അഭിമുഖം, ഫീൽഡ് ട്രിപ്പ് തുടങ്ങിയവ സംഘടിപ്പിക്കുന്നു.
4. **ചരിത്ര സംഭവങ്ങളുടെ വർഷങ്ങൾ കണ്ടെത്തി ക്ലാസ്സിൽ ടൈംലൈൻ ചാർട്ട് നിർമ്മിച്ച് പ്രദർശിപ്പി ക്കുന്നു.**
    - കാലഗണന ക്രമത്തിൽ ചരിത്രസംഭവങ്ങൾ പട്ടികപ്പെടുത്തുന്നു. ഇതിലൂടെ കാലഗണന.
5. **മികച്ച ആശയങ്ങൾ സ്വാംശീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കു ന്നതിനായി.**
    - മോക്ക് പാർലമെന്റ് സംഘടിപ്പിക്കുന്നു.
    - ദിനപ്പത്രങ്ങൾ നൽകി വാർത്തകൾ തയ്യാറാക്കുന്നു.

- വാർത്താ വായനാ മത്സരം നടത്തുന്നു.
- ക്വിസ് മത്സരങ്ങൾ.

6 **ലോകരാഷ്ട്രങ്ങൾ, ജനതകൾ, സംസ്കാരങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നേടുന്നതിന്**

- ഭൂപട പഠനം.
- അറ്റ്ലസ് നിർമ്മാണം, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഔട്ട്ലൈൻ മാപ്പിൽ അടയാളപ്പെടുത്തുന്നു, ജില്ലകൾ, അവയുടെ ഭൗതിക സാംസ്കാരിക സവിശേഷതകൾ കണ്ടെത്തുന്നു
- പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങൾ- പതിപ്പ് തയ്യാറാക്കുന്നു.
- വിവിധ ലോകരാഷ്ട്രങ്ങൾ, ഇന്ത്യൻ സംസ്ഥാനങ്ങൾ എന്നിവയുടെ ഭൗതിക, സാംസ്കാരിക സവിശേഷതകൾ മനസ്സിലാക്കുന്നതിനും സിഡി പ്രദർശനം, യാത്രാ വിവരണ സിഡികൾ- ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം (എച്ച്.എസ്.)

### ഉപലക്ഷ്യങ്ങൾ

- ലബോറട്ടറി വികസനവും ശാക്തീകരണവും.
- ജൈവ വൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.
- ഊർജ്ജസംരക്ഷണ പദ്ധതി.
- ശാസ്ത്ര ദിനാചരണങ്ങൾ.
- മാലിന്യമുക്ത കാമ്പസ് / ലഹരി വിമുക്ത കാമ്പസ്.
- സ്ത്രീ സുരക്ഷ / സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ.
- കുട്ടികളുടെ ശാരീരിക മാനസിക വികസന പ്രവർത്തനങ്ങൾ.

### ഉപലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും

### ഹ്രസ്വകാല പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ലബോറട്ടറി ശാക്തീകരണവും വികസനവും | • കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ലാബ് സജ്ജീകരണം.<br>• പ്രശസ്ത ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും കണ്ടുപിടുത്തങ്ങളും വിവിധ ചാട്ടുകളും ഉപയോഗിച്ച് ലാബിന്റെ ചുവർ അലങ്കരിക്കൽ.<br>• ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ.<br>• ആവശ്യാനുസരണം ജലലഭ്യത. | |
| ശാസ്ത്ര ദിനാചരണങ്ങൾ | • ക്വിസ് മത്സരങ്ങൾ, ചുവർ പത്രിക തയ്യാറാക്കൽ, ഐ.റ്റി.സി. ഉപയോഗിച്ച് അതാത് ദിനവുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ. | |

| | | |
|---|---|---|
| ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ | • ബോധവൽക്കരണ ക്ലാസ്സുകൾ.<br>• റാലി സംഘടിപ്പിക്കൽ.<br>• ചിത്രരചനാ മത്സരം, ഉപന്യാസ മത്സരം എന്നിവ സംഘടിപ്പിക്കൽ., പരീക്ഷണങ്ങൾ | |
| മാലിന്യ വിമുക്തമായ ലഹരിവിമുക്തമായ കാമ്പസ് | • ആഴ്ചയിൽ ഒരിക്കലുള്ള പരിസര ശുചീകരണം.<br>• ലഹരിയുടെ ദൂഷ്യഫലങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, റാലികൾ സംഘടിപ്പിക്കൽ, വീഡിയോ പ്രദർശനം, ചിത്രപ്രദർശനം. | |
| സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ | • കൗൺസിലിംഗ് ക്ലാസ്സുകൾ, സെൽഫ് ഡിഫെൻസ് പരിശീലനങ്ങൾ നൽകൽ. | |
| ശാസ്ത്ര ക്ലബ് രൂപീകരണം. | • ക്വിസ് മത്സരങ്ങൾ നടത്തൽ.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ചുമർ പത്രിക തയ്യാറാക്കൽ.<br>• ആശയഭൂപടം തയ്യാറാക്കൽ.<br>• മാലിന്യവിമുക്തവും ലഹരിവിമുക്തവുമായി പ്രവർത്തനങ്ങൾ നടത്തൽ. | |

## മധ്യകാല പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ലബോറട്ടറി വികസനം / ശാക്തീകരണം | • എക്സിബിഷനുകൾ സംഘടിപ്പിക്കൽ.<br>• വർക്കിംഗ് സ്റ്റിൽ മോഡലുകളുടെ നിർമ്മാണം.<br>• ശാസ്ത്ര ഗവേഷണ രംഗത്ത് താല്പര്യമുള്ള കുട്ടികളിൽ അതിനുള്ള അവസരം ഒരുക്കൽ. | |
| ജൈവവൈവിധ്യ ഉദ്യാന പ്രവർത്തനങ്ങൾ | • ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം.<br>• ജൈവ പച്ചക്കറി കൃഷി പരിപോഷിപ്പിക്കൽ.<br>• ആയുർവേദ പ്രാധാന്യമുള്ള സസ്യങ്ങളുടെ സംരക്ഷണം. | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | • ശാസ്ത്രപതിപ്പ്, മാഗസിൻ എന്നിവയുടെ നിർമ്മാണം<br>• ശാസ്ത്രമേളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കുട്ടികളെ സജ്ജമാക്കൽ.<br>• ലഹരിവിമുക്ത- മാലിന്യവിമുക്ത പ്രവർത്തനങ്ങൾ.<br>• ലഹരിയുമായി ബന്ധപ്പെട്ട തെരുവു നാടകങ്ങൾ, മൈമുകൾ | |

# ദീർഘകാല പ്രവർത്തനങ്ങൾ

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജൈവ വൈവിധ്യ ഉദ്യാന വികസനം | • ജൈവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ തുടരൽ. | |
| ടാലന്റ് എക്സാമിനേഷൻ | • 8-ാം സ്റ്റാൻഡാർഡിനായുള്ള എൻ.എം.എം. എസ്., 10-ാം സ്റ്റാൻഡാർഡിനായുള്ള എൻ.ടി.എസ്.ഇ. എന്നിവയ്ക്കായി കുട്ടികളെ സജ്ജരാക്കൽ. | |
| ക്ലബ് പ്രവർത്തനങ്ങൾ | • സ്കൂൾ വികസന പ്രവർത്തനങ്ങൾ. | |

# എച്ച്. എസ്. വിഭാഗം - ഗണിതം

## ലക്ഷ്യങ്ങൾ

1. സംഖ്യാബോധം ഉറപ്പിക്കൽ.
2. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.
3. ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, നിർമ്മിതി.
4. ബീജഗണിതം ഉറപ്പിക്കൽ.
5. ഗണിതസിദ്ധാന്തങ്ങൾ ഉറപ്പിക്കൽ.
6. നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിത ആശയങ്ങൾ ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുക.
7. പഠന സാമഗ്രികൾ നിർമ്മാണം.
8. ക്ലാസ്സ് റൂം ഗണിതവൽക്കരിക്കൽ.
9. വിവിധ ക്ലബ് പ്രവർത്തനങ്ങൾ വഴി ഗണിത ആഭിമുഖ്യം വളർത്തൽ.
10. ഐ.റ്റി.സി. സാധ്യതകൾ ഉപയോഗപ്പെടുത്തൽ.
11. പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കൽ.
12. ഗണിത ഉപകരണങ്ങൾ അനായാസം കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കൽ.
13. ഗണിതത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്തൽ.

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | ജ്യാമിതി<br>ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ.<br>സ്കൂളിലും പരിസരത്തുമുള്ള ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ, തുല്യത എന്ന ആശയം (ടി.ബി. 9).<br>ത്രികോണങ്ങളുടെ തുല്യത ചിത്രങ്ങളുടെ സഹായത്താൽ ത്രികോണങ്ങളുടെ തുല്യത ഐ.റ്റി.സി. ഉപയോഗിച്ച് ജ്യാമിതീയ തുല്യത വിവിധ സമാന്തരികങ്ങൾ ഉപയോഗിച്ച്. ത്രികോണങ്ങളിലെ ചില അളവുകൾ തുല്യമാകുമ്പോൾ മറ്റളവുകളും | ജൂൺ | VIII | 3, 5, 6, 7, 8, 10, 12 11 |

| | | | | |
|---|---|---|---|---|
| | തുല്യമാകുന്ന വിവിധ സാഹചര്യങ്ങൾ ചിത്രത്തിന്റെ സഹായത്താൽ വ്യക്തമാക്കുന്ന പ്രവർത്തനം (ജിയോഗ്രാബ് സഹായത്താൽ)<br>• ത്രികോണങ്ങളെക്കുറിച്ചുള്ള ഇത്തരം തത്വങ്ങളിൽ നിന്ന് മറ്റു ചില ജ്യാമിതീയ തത്വങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനം.<br>• വരയുടെ ലംബസമഭാജിയും കോണിന്റെ സമഭാജിയും വരയ്ക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ.<br>• വരയിലെ ബിന്ദുവിൽ നിന്ന് ലംബം വരയ്ക്ക് പുറത്തുള്ള ബിന്ദുവിൽ നിന്ന് വരയിലേക്ക് ലംബം വരയ്ക്കാനുള്ള മാർഗ്ഗം. | | | |
| 2 | **ബീജ ഗണിതം**<br>അളവുകൾ തമ്മിലുള്ള ബന്ധം<br>ജ്യാമിതി<br>• പരപ്പ് അളവുകൾ കൊടുത്ത് ചതുരങ്ങളുടെ നിർമ്മിതി.<br>• ഒരേ പാദവും മൂന്നാം മൂലകളെല്ലാം പാദത്തിനു സമാന്തരമായ വരയിലുള്ള ത്രികോണങ്ങൾക്കെല്ലാം ഒരേ പരപ്പളവാണെന്ന് കണ്ടെത്തുന്ന പ്രവർത്തനം. ഐ.സി.റ്റി. സാധ്യത ഉപയോഗിച്ച് ത്രികോണത്തിന്റെ പരപ്പളവിനു തുല്യമായ മറ്റു ത്രികോണങ്ങളുടെ നിർമ്മിതി. ബഹുഭുജങ്ങളെ ത്രികോണങ്ങളാക്കി മാറ്റി പരപ്പളവ് കാണുന്ന പ്രവർത്തനം, നിർമ്മിതി. ത്രികോണത്തിന്റെ പരപ്പളവിനെ വിവിധ അംശബന്ധങ്ങൾ ഭാഗിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ. | ജൂൺ | IX | 3, 5, 6, 7, 8, 10, 11, 12 |
| 3 | • വള ഉപയോഗിച്ച് വൃത്തം വരയ്ക്കുന്ന പ്രവർത്തനം.<br>• വൃത്തത്തിലെ രണ്ടു ബിന്ദുക്കൾ യോജിപ്പിച്ചാൽ രണ്ടിൽ നിന്നും തുല്യ അകലത്തിലുള്ള ബിന്ദുവാണ് വൃത്തകേന്ദ്രം (ടി.സി.ഐ).<br>• വൃത്തത്തിലെ രണ്ടു ബിന്ദുക്കൾ യോജിപ്പിച്ചാൽ കിട്ടുന്നതാണ് ഞാൺ. ഞാണിന്റെ ലംബ സമഭാജി വൃത്തകേന്ദ്രം നിർണ്ണയിക്കുന്നു (ടി.സി.ഐയുടെ സഹായത്താൽ)<br>• വളക്കഷണം ഉപയോഗിച്ച് വൃത്തം പൂർത്തിയാക്കുന്ന പ്രവർത്തനം.<br>• തുല്യ ഞാണുകൾ തമ്മിലുള്ള ബന്ധം കേന്ദ്രത്തിൽ നിന്നുള്ള അകലം ഉപയോഗിച്ച് അവ ചേരുന്ന ബിന്ദുവിലൂടെയുള്ള വ്യാസവുമായുള്ള കോണുകൾ ഉപയോഗിച്ചു വിശദീകരിക്കുന്ന പ്രവർത്തനം. | ഓഗസ്റ്റ് | IX | 3, 5, 6, 7, 8, 10, 11, 12 |

| | | | | |
|---|---|---|---|---|
| | • ഞാണുകളുടെ നീളവും കേന്ദ്രത്തിൽ നിന്നുള്ള അകലവും തമ്മിലുള്ള ബന്ധം കണ്ടെത്തുന്ന പ്രവർത്തനം.<br>• ത്രികോണത്തിന്റെ മൂന്നു മൂലകളിലൂടെയും കടന്നുപോകുന്ന വൃത്തം (പരിവൃത്തം) നിർമ്മിതി. | | | |
| 4. | • സമാന്തര വരകൾ മറ്റു വരകളെ ഒരേ അംശബന്ധത്തിൽ മുറിക്കുന്നു എന്ന് വിശദീകരിക്കുന്ന പ്രവർത്തനം.<br>• ഇതുപയോഗിച്ച് ഏതു വരയേയും നിശ്ചിത അംശബന്ധത്തിൽ പ്രവർത്തനം.<br>• അംശബന്ധം മാറാതെ ചതുരത്തിന്റെ വശങ്ങൾ കൂട്ടിയും കുറച്ചും വരയ്ക്കാൻ കഴിയുന്നു എന്ന പ്രവർത്തനം.<br>• ത്രികോണത്തിന്റെ മധ്യമകേന്ദ്രം എന്ന ആശയം വിശദീകരിക്കുന്ന പ്രവർത്തനം. | സെപ്തംബർ | IX | 3, 5, 6, 7, 8, 10, 11, 12 |
| 5. | • ഒരേ കോണുകളുടെ കോണുകളിൽ വശങ്ങളുടെ മാറ്റം ഒരേ തോതിലാണ് എന്ന വിശദീകരണ പ്രവർത്തനം. - ഐ.റ്റി.സി. സാദ്ധ്യത.<br>• ഒരു വശവും അതിന്റെ രണ്ടറ്റത്തുമുള്ള കോണുകളും അറിയാവുന്ന ത്രികോണത്തിന്റെ വരകളെല്ലാം ഒരേ തോതിൽ ചെറുതോ വലുതോ ആക്കി മാറ്റി വരയ്ക്കുന്ന പ്രവർത്തനം.<br>• വശങ്ങളുടെ മാറ്റം ഒരേ തോതിലായ ത്രികോണങ്ങളുടെ കോണുകൾ തുല്യമാണെന്ന് തിരിച്ചറിയുന്ന പ്രവർത്തനം.<br>• രണ്ടു വശങ്ങളുടെ മാറ്റം ഒരേ തോതിലും അവ ചേരുന്നത് ഒരേ കോണിലുമായ ത്രികോണങ്ങളിൽ മൂന്നാം വശങ്ങളിലെ മാറ്റവും ഇതേ തോതിലാണെന്ന് വിശദീകരിക്കുന്ന പ്രവർത്തനം.<br>• വശങ്ങളോ കോണുകളോ അളക്കാതെ ഒരു ത്രികോണത്തിനെ വേണ്ട തോതിൽ മാറ്റിവരയ്ക്കുന്ന പ്രവർത്തനം.<br>• വശങ്ങളോ കോണുകളോ അളക്കാതെ ഏതു ബഹുഭുജത്തിനേയും വേണ്ട തോതിൽ മാറ്റിവരയ്ക്കുന്ന പ്രവർത്തനം. | ഒക്ടോബർ | IX | 3, 5, 6, 7, 8, 10, 11, 12 |
| 6. | • രണ്ടു വൃത്തങ്ങൾക്കുള്ളിൽ വരയ്ക്കുന്ന വശങ്ങളുടെ എണ്ണം തുല്യമായ സമബഹുഭുജങ്ങളുടെ ചുറ്റളവുകൾ തമ്മിലുള്ള ബന്ധം വൃത്തങ്ങളുടെ വ്യാസങ്ങളുടെ അംശബന്ധം തന്നെയാണെന്നുള്ള പ്രവർത്തനം. | നവംബർ | IX | 3, 5, 6, 7, 8, 10, 11, 12 |

| | | | | |
|---|---|---|---|---|
| | • വൃത്തങ്ങളുടെ ചുറ്റളവുകൾ മാറുന്നത് വ്യാസങ്ങളുടെ തോതിലാണെന്ന് കണ്ടെത്തുന്ന പ്രവർത്തനം.<br>• ഐ.റ്റി.സി. എന്ന സാധ്യതയെ വിശദീകരിക്കുന്ന പ്രവർത്തനം.<br>• വൃത്തത്തിന്റെ ആരം, ചുറ്റളവ്, പരപ്പളവ് തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്ന പ്രവർത്തനം.<br>• വൃത്തത്തിലെ ചാപത്തിന്റെ നീളവും വൃത്താംശത്തിന്റെ പരപ്പളവും കേന്ദ്രകോണും തമ്മിലുള്ള ബന്ധം. ബന്ധപ്പെട്ട പ്രവർത്തനം. | | | |
| 7. | • ഘനരൂപങ്ങൾ എന്നെ ആശയം. ഘനരൂപങ്ങൾ അൾജിബ്രയിൽ.<br>• ബഹുഭുജ രൂപങ്ങളുടെ വ്യാപ്തം കണക്കാക്കുന്നതിനുള്ള മാർഗ്ഗം.<br>• ബഹുഭുജ രൂപങ്ങളുടെ ഉപരിതല പരപ്പളവ് കണക്കാക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ. | ജനുവരി | IX | 3, 5, 6, 7, 8, 10, 11, 12 |
| 8. | • ബഹുഭുജങ്ങളുടെ നിർമ്മിതി (കുത്തുകൾ ഉപയോഗിച്ച്) (ഐ.റ്റി.സി. സാധ്യത പ്രയോജനപ്പെടുത്തി) ഗ്രിഡ് ഉപയോഗിച്ച്.<br>• ബഹുഭുജത്തിന്റെ കോണുകളുടെ തുക (വിവിധ മാർഗ്ഗങ്ങൾ) (പ്രോജക്ട്)<br>• ബഹുഭുജത്തിലെ പുറംകോണുകളും തമ്മിലുള്ള ബന്ധം കാണുന്ന പ്രവർത്തനം.<br>• പുറം കോണുകളുടെ തുക കാണുന്നതിനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനം.<br>• സമബഹുഭുജങ്ങളെ തിരിച്ചറിയുന്ന പ്രവർത്തനം. അവയുടെ നിർമ്മിതി. | ഓഗസ്റ്റ് | IX | 3, 5, 6, 7, 8, 10, 11, 12 |
| 9. | • വിവിധ രീതികളിൽ സമചതുരം, ചതുരം, സാമാന്തരികം, ലംബകം, ചതുർഭുജം വരയ്ക്കുന്ന രീതി വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ. | നവംബർ | VIII | 3, 5, 6, 7, 8, 10, 11, 12 |
| 10. | • ചതുരത്തിന്റെ പരപ്പളവ്, സമചതുരത്തിന്റെ പരപ്പളവ്, ത്രികോണത്തിന്റെ പരപ്പളവ് (മുന്നറിവ് പരിശോധിക്കുന്ന പ്രവർത്തനങ്ങൾ)<br>• സാമന്തരികത്തിന്റെ പരപ്പളവ്.<br>• സമഭുജ സാമാന്തരികത്തിന്റെ പരപ്പളവ്, വികർണ്ണങ്ങൾ ഉപയോഗിച്ച്<br>• നിശ്ചിത പരപ്പളവുള്ള സമഭുജ സാമാന്തരികത്തിന്റെ നിർമ്മിതി<br>• ലംബകത്തിന്റെ പരപ്പളവ്<br>• ചതുരത്തിന്റെ അതേ പരപ്പളവുള്ള സമപാർശ്വ ലംബകത്തിന്റെ നിർമ്മിതി | ജനുവരി | X | 3, 5, 6, 7, 8, 10, 11, 12 |

| | | | | |
|---|---|---|---|---|
| | • ഏതു ചതുർഭുജത്തിന്റെയും പരപ്പളവ് കണ്ടുപിടിക്കാനുള്ള പൊതുവായ മാർഗ്ഗം. | | | |
| 11 | • മട്ട ത്രികോണങ്ങളിലൂടെ വൃത്തമുണ്ടായി വരുന്ന വിധം ജിയോജിബ്ര ഉപയോഗിച്ച് (സെറ്റ്സ്ക്വയർ ഉപയോഗിച്ച്)<br>• അർദ്ധവൃത്തത്തിലെ കോൺ മട്ടക്കോൺ. (ജിയോജിബ്ര പ്രവർത്തനം)<br>• വൃത്തത്തിലെ ഏതു ചാപവും കേന്ദ്രത്തിലുണ്ടാക്കുന്ന കോണിന്റെ പകുതിയാണ് മറുചാപത്തിനുണ്ടാക്കുന്ന കോൺ. (ജിയോജിബ്ര)<br>• ഒരു ഞാൻ വൃത്തത്തെ മുറിക്കുന്ന രണ്ടു ഭാഗങ്ങളിൽ ഓരോന്നിലേയും കോണുകളെല്ലാം തുല്യമാണെന്ന് മറുഭാഗങ്ങളിലെ കോണുകൾ അനുപൂരകമാണെന്നും മനസ്സിലാക്കുന്ന പ്രവർത്തനം.<br>• പരിവൃത്തമുള്ള ചതുർഭുജങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനം.<br>• വൃത്തത്തിലെ ഞാണുകൾ മുറിച്ചുകടക്കുമ്പോഴുള്ള ഭാഗങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്ന പ്രവർത്തനം.<br>• പരപ്പളവു മാറാതെ ഒരു ചതുരത്തെ മറ്റൊരു ചതുരമാക്കാനും സമചതുരമാക്കുവാനും കഴിയുന്ന പ്രവർത്തനം. | ജൂൺ-ജൂലൈ | X | 3, 5, 7,<br>8, 9, 10,<br>11, 12 |
| 12. | • വൃത്തത്തിലെ രണ്ടു ബിന്ദുക്കൾ അടുത്തടുത്തു വരുമ്പോൾ അവ യോജിപ്പിക്കുന്ന വരയ്ക്കുണ്ടാകുന്ന മാറ്റം മനസ്സിലാക്കുന്നതിലൂടെ തൊടുവര എന്ന ആശയത്തിലെത്തുന്ന പ്രവർത്തനം (ജിയോജിബ്ര സഹായത്താൽ).<br>• വൃത്തത്തിലെ ഒരു ബിന്ദുവിലൂടെയുള്ള തൊടുവരയും ആരവും പരസ്പരം ലംബമാണെന്നറിയുന്ന പ്രവർത്തനം.<br>• വൃത്തത്തിലെ ഒരു ഞാണിന്റെ രണ്ടറ്റത്തുകൂടിയും വരയ്ക്കുന്ന കോൺ, ഞാണുമായുണ്ടാക്കുന്ന കോൺ, ഞാണിന്റെ കേന്ദ്ര കോൺ, ഞാൺ വൃത്തത്തിലെ ഒരു ബിന്ദുവിലുണ്ടാക്കുന്ന കോൺ, ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുന്ന പ്രവർത്തനം.<br>• വൃത്തത്തിന് പുറത്തുള്ള ഒരു ബിന്ദുവിൽ നിന്ന് രണ്ടു തൊടുവരകൾ വരയ്ക്കുന്ന പ്രവർത്തനം.<br>• ഒരു ത്രികോണത്തിന്റെ മൂന്നു വരകളെ തൊട്ടുകൊണ്ട് അതിനകത്ത് വൃത്തം വരയ്ക്കുന്ന പ്രവർത്തനം (അന്തർ വൃത്തം). | ഒക്ടോബർ | | 3, 5, 7,<br>8, 9, 10,<br>11, 12 |

| | | | | |
|---|---|---|---|---|
| 13 | • സമചതുര സൂചിക (മോഡൽ കാണിച്ച്) വശങ്ങൾ പരിചയപ്പെടുത്തുന്നു.<br>• പാതവക്ക്, ചരിവുയരം, പാർശ്വവക്ക്, ഉയരം, പാദവികർണ്ണം ഇവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്ന പ്രവർത്തനം (മോഡൽ ഉപയോഗിച്ച്).<br>• സമചതുരവും സമപാർശ്വ ത്രികോണവും മുറിച്ചെടുത്ത് സമചതുര സൂചികാ നിർമ്മാണം.<br>• സമചതുര സൂചികയുടെ പരപ്പളവ് വ്യാപ്തം, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• വൃത്ത സൂചിക (മോഡൽ കാണിച്ച്) വശങ്ങൾ പരിചയപ്പെടുത്തുന്നു (വൃത്താംശം പാർശ്വമുഖമാണെന്ന് തിരിച്ചറിയുന്നു.).<br>• പാദവ്യാസം, ഉയരം, ചരിവുയരം, തമ്മിലുള്ള പരസ്പരം ബന്ധം മനസ്സിലാക്കുന്ന പ്രവർത്തനം.<br>• വൃത്തസൂചികയുടെ ഉപരിതല പരപ്പളവ്, വ്യാപ്തം നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ.<br>• ഗോളം, അർദ്ധഗോളം, ഉപരിതല പരപ്പളവ്, വ്യാപ്തം കണക്കാക്കുന്ന പ്രവർത്തനം നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | നവംബർ | XI | 3, 6, 7, 8, 9, 10, 11, 12 |
| 14 | • കോണുകൾ $45^\circ$, $45^\circ$, $90^\circ$ ആയ ത്രികോണങ്ങളുടെ വശങ്ങളുടെ അംശബന്ധം കണ്ടെത്തുന്ന പ്രവർത്തനം. (വരച്ചും ജിയോജിബ്ര).<br>• കോണുകൾ $30^\circ$, $60^\circ$, $90^\circ$ ആയ ത്രികോണത്തിന്റെയും വശങ്ങൾ തമ്മിലുള്ള അംശബന്ധം (വരച്ച്, ജിയോജിബ്ര).<br>• ഒരേ കോണുകളുള്ള ത്രികോണങ്ങൾ പല വലിപ്പത്തിൽ വരച്ച് വശങ്ങളുടെ നീളം മാറുന്നുവെങ്കിലും അവ തമ്മിലുള്ള ബന്ധം മാറുന്നില്ല എന്ന ചിത്രത്തിന്റെ സഹായത്തോടെ ജിയോജിബ്ര ഉപയോഗിച്ചുള്ള പ്രവർത്തനം. സൈൻ, കൊസൈൻ, ടാൻ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനം. | സെപ്തംബർ | XI | 5, 6, 7, 9, 10, 11, 13 |
| 15. | ബീജഗണിതം - സമവാക്യങ്ങൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുടെ പരിഹാരം.<br>• ബീജഗണിതം ഉപയോഗിച്ച് സമവാക്യം രൂപീകരിക്കുന്ന പ്രവർത്തനം.<br>• ലളിതമായ സംഖ്യാ പ്രശ്നങ്ങൾ വിപരീത ക്രിയകളിലൂടെ പരിഹരിക്കുന്ന പ്രവർത്തനം.<br>• വിപരീത ക്രിയകളിലൂടെ ബീജ ഗണിതം ഉപയോഗിച്ച് സമവാക്യങ്ങളുടെ പരിഹാരം. | ജൂലൈ | VIII | 2, 4, 11, 6 |

| | | | | |
|---|---|---|---|---|
| 16 | **സർവ സമവാക്യങ്ങൾ**<br>• രണ്ട് അധിക സംഖ്യകളുടെ തുകയെ തുക കൊണ്ടു ഗുണിക്കുന്നതിനുള്ള മാർഗ്ഗം.<br>• രണ്ട് അധിക സംഖ്യകളുടെ തുകയെ വർഗ്ഗം കാണുന്ന രീതി. ജ്യാമിതീയമായും ബീജഗണിത രീതിയിലും വിശദമാക്കുന്ന പ്രവർത്തനം.<br>• രണ്ട് അധിക സംഖ്യകളുടെ വ്യത്യാസത്തിന്റെ വർഗ്ഗം കാണുന്ന രീതി. ജ്യാമിതീയമായും ബീജഗണിത രീതിയിലും വിശദമാക്കുന്ന പ്രവർത്തനം.<br>• വർഗ്ഗസംഖ്യകളുടെ പ്രത്യേകതകൾ ബീജഗണിതമുപയോഗിച്ചും പൂർണ്ണവർഗ്ഗങ്ങളുടെ വ്യത്യാസമായി എഴുതുവാൻ കഴിയുന്ന വർഗ്ഗങ്ങളുടെ പ്രത്യേക വിശദീകരിക്കുന്ന പ്രവർത്തനം.<br>• ഒരേ തുകയുള്ള സംഖ്യാ ജോഡിയിൽ ഏറ്റവും കൂടിയ ഗുണന ഫലമുള്ള സംഖ്യാജോഡികളെ കണ്ടെത്തുന്ന പ്രവർത്തനം.<br>• സംഖ്യാബന്ധങ്ങളെ ബീജഗണിതമുപയോഗിച്ച് പൊതുവായി പറയുന്നു. | ഓഗസ്റ്റ് | VIII | 2, 4, 11, 6 |
| 17. | • രണ്ട് അളവുകളെക്കുറിച്ചുള്ള രണ്ടു വിവരങ്ങളുപയോഗിച്ച് മനക്കണക്കായോ ഒരക്കം മാത്രമുള്ള ഒറ്റസമവാക്യ നിർദ്ധാരണം ചെയ്യുന്ന വിവിധ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുന്നു.<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ജൂലൈ | IX | 2, 4, 11, 6 |
| 18. | **ബഹുപദങ്ങൾ**<br>• പലവിധ സമവാക്യങ്ങളിൽ നിന്നും ബഹുപദങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനം. മാറുന്ന അളവുകൾ തമ്മിലുള്ള ബന്ധങ്ങൾ ബീജഗണിത വാചകങ്ങളായി എഴുതുകയും അവയിയെ ബഹുപദങ്ങൾ കണ്ടെത്തുന്ന പ്രവർത്തനം.<br>• ബഹുപദങ്ങളെ കേവല സാധ്യതയുടെ ക്രിയകളായി കാണുകയും അവയുടെ സവിശേഷതകൾ തിരിച്ചറിയുകയും ചെയ്യുന്ന പ്രവർത്തനം.<br>• ബഹുപദങ്ങളുടെ തുകയും ഗുണനഫലവും വ്യത്യാസവും കണ്ടെത്തുന്ന പ്രവർത്തനം. | നവംബർ | IX | 2, 4, 11, 6 |
| 19. | **രണ്ടാം കൃതി സമവാക്യങ്ങൾ**<br>• പ്രായോഗിക പ്രശ്നങ്ങളെ ബീജഗണിത സമവാക്യങ്ങളാക്കുന്ന പ്രവർത്തനം.<br>• വർഗ്ഗം പൂർത്തീകരിച്ച് രണ്ടാം കൃതി സമവാക്യങ്ങൾക്കുള്ള പരിഹാരം കാണുന്ന പ്രവർത്തനം. | ഓഗസ്റ്റ് | X | 2, 4, 11, 6 |

| | | | | |
|---|---|---|---|---|
| | • ചില പ്രായോഗിക പ്രശ്നങ്ങളുടെ രണ്ടു പരിഹാരങ്ങൾ കാണുന്നതിനുള്ള മാർഗ്ഗം വ്യക്തമാക്കുന്ന പ്രവർത്തനം | | | |
| 20 | ബഹുപദങ്ങൾ<br>• രണ്ടാം കൃതി ബഹുപദങ്ങളെ ഒന്നാം കൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുന്നതിനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനം<br>• $x-a$, $x+a$ എന്നിവ. $P(x)$ ന്റെ ഘടകമാണോ എന്ന് പരിശോധിക്കാനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനം.<br>• ഒരു ബഹുപദത്തെ ഒന്നാം കൃതി ബഹുപദം കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന ശിഷ്ടം ഹരിച്ചുനോക്കാതെ കണക്കാക്കുന്നതിനുള്ള മാർഗ്ഗം. | ജനുവരി | X | 2, 4, 11, 6 |
| 21 | പലിശ കൂട്ടുപലിശ<br>• പലിശയ്ക്കു കൂടി പലിശ കണക്കാക്കി കൂട്ടുപലിശ കാണുന്ന രീതി, സൂത്രവാക്യം ഉപയോഗിച്ച്.<br>• അർദ്ധവാർഷികവും പാദവാർഷികമായും മറ്റു കാലയളവുകളിലും കൂട്ടുപലിശ കണക്കാക്കുന്ന രീതി വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ.<br>• കൂട്ടുപലിശ രീതിയിൽ മറ്റു പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന പ്രവർത്തനങ്ങൾ. | ഒക്ടോബർ | VIII | 2, 6, 11, 10 |
| 22 | സൂത്രസംഖ്യകൾ<br>• ബീജഗണിതത്തിൽ അധികസംഖ്യകളുടേയും ന്യൂനസംഖ്യകളുടേയും ചിഹ്നം ചേർക്കാതെ അക്ഷരങ്ങളായി എഴുതുന്ന രീതിയും അതിന്റെ സൗകര്യം മനസ്സിലാക്കുന്ന പ്രവർത്തനം.<br>• അധിസംഖ്യകളേയും ന്യൂനസംഖ്യകളേയും ഒരുമിച്ചെടുക്കുമ്പോൾ സങ്കലനം, വ്യവകലനം എന്നിവയ്ക്ക് പുതിയ നിർവചനങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിയുന്ന പ്രവർത്തനം.<br>• ന്യൂനസംഖ്യകൾ ഉപയോഗിക്കുന്ന ചില സന്ദർഭങ്ങളിൽ ഗുണനം നിർവചിക്കേണ്ട ആവശ്യം തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന പ്രവർത്തനം.<br>• അധിസംഖ്യകളെപ്പോലെ ന്യൂനസംഖ്യകളിലും ഹരണം എന്ന് ഗുണനത്തിന്റെ വിപരീതമാണെന്നും മനസ്സിലാക്കുന്ന പ്രവർത്തനം. | ജനുവരി, ഫെബ്രുവരി | VIII | |

| | | | | |
|---|---|---|---|---|
| 23 | ഭിന്നസംഖ്യകൾ<br>• രണ്ട് ഭിസാധ്യതകളുടെ തുല്യത പരിശോധിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ വിശദീകരിക്കുന്ന പ്രവർത്തനം.<br>• ഭിന്നസംഖ്യയ്ക്ക് തുല്യമായ മറ്റ് ഭിന്നസംഖ്യകൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗം.<br>• രണ്ട് ഭിന്നസംഖ്യകളെ താരതമ്യം ചെയ്യുന്നതിനുള്ള മാർഗ്ഗം.<br>• ഭിന്നസംഖ്യകൾ ഉൾപ്പെടുന്ന സംഖ്യാക്രമങ്ങളെ ബീജഗണിത സഹായത്തോടെ സമർത്ഥിക്കുന്നു.<br>• ഭിന്നസംഖ്യകളുടെ ദശാംശരൂപങ്ങളും. | ജൂലൈ | IX | 1, 2, 11 |
| 24 | പുതിയ സംഖ്യകൾ<br>• പുതിയ സംഖ്യകൾ ഉപയോഗിച്ച് എല്ലാ നീളങ്ങളേയും സൂചിപ്പിക്കുവാൻ കഴിയില്ലെന്ന് സമർത്ഥിക്കുന്ന പ്രവർത്തനം.<br>• അഭിന്നസംഖ്യകൾ പരിചയപ്പെടുത്തുന്നു.<br>• ഭിന്നസംഖ്യകളായി എഴുതുവാൻ കഴിയുന്ന വർഗ്ഗമൂലങ്ങളെ ദശാംശരൂപത്തിലെഴുതുന്ന രീതി വിശദമാക്കുന്ന പ്രവർത്തനം.<br>• അത്തരം സംഖ്യകൾ ഉപയോഗിച്ചുള്ള ചതുഷ്ക്രിയകൾ. | ജൂലൈ | IX | 1, 2. 11 |
| 25 | രേഖീയ സംഖ്യകൾ<br>• രേഖീയ സംഖ്യകൾ - നീളത്തെ സൂചിപ്പിക്കാനാവശ്യമായ എല്ലാ സംഖ്യകളേയും അവയുടെ ന്യൂനങ്ങളേയും ഒരു വരയിലെ ബിന്ദുക്കളായി കാണാമെന്ന് വിശദീകരിക്കുന്ന പ്രവർത്തനം.<br>• വരയിലെ രണ്ടു ബിന്ദുക്കൾ തമ്മിലുള്ള അകലം കേവലമൂല്യം എന്നു വിവർത്തനം ചെയ്യുന്ന പ്രവർത്തനം.<br>• കേവലമൂല്യങ്ങൾ ഉൾപ്പെടുന്ന സമവാക്യങ്ങളെ ജ്യാമിതീയമായും സംഖ്യാപരമായും വ്യാഖ്യാനിക്കുന്ന പ്രവർത്തനം. | ഡിസംബർ | IX | 1, 2, 11 |
| 26 | സൂചക സംഖ്യകൾ<br>• ബിന്ദുക്കളുടെ സ്ഥാനങ്ങളെ സംഖ്യാജോടികൾ ഉപയോഗിച്ച് രേഖപ്പെടുത്തുന്ന രീതി വിശദീകരിക്കുന്ന പ്രവർത്തനം.<br>• സംഖ്യാജോഡികളെ ഉപയോഗിച്ച് ബിന്ദുക്കൾ അടയാളപ്പെടുത്തി ചേരുകളുടെ നിർമ്മിതി (ഗ്രാഫ് പേപ്പർ, ഐ റ്റി സി )<br>• X, Y.. വരച്ച രൂപങ്ങളിലെ ബിന്ദുക്കളുടെ സൂചക സംഖ്യകൾ കണ്ടെത്തുന്ന പ്രവർത്തനം | സെപ്തംബർ | X | 1, 2, 11, 9, 10, 13, 3 |

| | | | | |
|---|---|---|---|---|
| | • കമ്പ്യൂട്ടറിൽ ജിയോജിബ്ര ഉപയോഗിച്ച് ജ്യാമിതീയ പാറ്റേണുകളുടെ നിർമ്മാണം.<br>• സൂചകസംഖ്യകൾ ഉപയോഗിച്ച് രണ്ടു ബിന്ദുക്കൾ തമ്മിലുള്ള അകലം കണക്കാക്കുന്ന പ്രവർത്തനം.<br>• ശീർഷകങ്ങളുടെ സൂചക സംഖ്യകൾ ഉപയോഗിച്ച് അവ നിശ്ചയിക്കുന്ന ജ്യാമിതീയ രൂപങ്ങളുടെ വിവിധ അളവുകൾ കണ്ടെത്തുന്ന പ്രവർത്തനം. | | | |
| 27 | • ഒരു വരയിലെ ഏതു രണ്ടു ബിന്ദുക്കളുടേയും Y സൂചക സംഖ്യകളുടെ മാറ്റം X സൂചക സംഖ്യകളുടെ മാറ്റത്തിന് ആനുപാതികമാണെന്ന് സമർത്ഥിക്കുന്ന പ്രവർത്തനം.<br>• രണ്ടു ബിന്ദുക്കളിൽകൂടി വരയ്ക്കുന്ന വരയുടെ സമവാക്യം രൂപീകരിക്കുന്ന പ്രവർത്തനം.<br>• ഒരു നിശ്ചിത ബിന്ദു കേന്ദ്രവും നിശ്ചിത ആരവുമുള്ള വൃത്തത്തിന്റെ സമവാക്യം രൂപകരിക്കുന്ന പ്രവർത്തനം. | ജനുവരി | X | 1, 12, 11, 9, 10, 13, 3 |
| 28 | അനുപാതം<br>• പരസ്പരം ബന്ധപ്പെട്ട അളവുകൾക്കുണ്ടാകുന്ന മാറ്റങ്ങളിൽ അനുപാതികമായ മാറ്റം തിരിച്ചറിയുന്ന പ്രവർത്തനം.<br>• ആനുപാതിക മാറ്റങ്ങളിലെ ആനുപാതിക സ്ഥാനത്തിന്റെ പ്രാധാന്യം സമർത്ഥിക്കുന്ന പ്രവർത്തനം.<br>• മറ്റു ശാസ്ത്രങ്ങളിൽ അളവുകൾ തമ്മിലുള്ള ആനുപാതിക മാറ്റങ്ങൾ കണ്ടെത്തുന്ന പ്രവർത്തനം.<br>• ആനുപാതികമായി മാറുന്ന അളവുകളുടേയും വിപരീത ആനുപാതികമായി മാറുന്ന അളവുകളേയും തിരിച്ചറിയുന്ന പ്രവർത്തനം. | ജനുവരി, ഫെബ്രുവരി | IX | 1, 6, 11 |
| 29 | അംശബന്ധം<br>• രണ്ടളവുകൾ തമ്മിലുള്ള അംശബന്ധത്തെ ഭാഗങ്ങളായും മടങ്ങുകളായും വിശദീകരിക്കുന്ന പ്രവർത്തനം.<br>• രണ്ടളവുകൾ തമ്മിലുള്ള അംശബന്ധവും അതിലെ ഒരളവും ഉപയോഗിച്ച് രണ്ടാമത്തെ അളവ് കണക്കാക്കുന്ന പ്രവർത്തനങ്ങൾ.<br>• രണ്ടളവുകൾ തമ്മിലുള്ള അംശബന്ധം അവ തമ്മിലുള്ള ഏതെങ്കിലും ബന്ധം കിട്ടിയാൽ ഓരോ അളവും കണക്കാക്കുന്ന പ്രവർത്തനങ്ങൾ.<br>• മൂന്ന് അളവുകളിൽ രണ്ടെണ്ണം വീതമുള്ള അംശബന്ധം ഉപയോഗിച്ച് മൂന്നളവുകളും തമ്മിലുള്ള അംശബന്ധം കണ്ടെത്തുന്നതിനുള്ള മാർഗ്ഗം | ഡിസംബർ | VIII | 1, 6, 11 |

| | | | | |
|---|---|---|---|---|
| | വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ.<br>• മൂന്നളവുകൾ തമ്മിലുള്ള അംശബന്ധവും ഏതെങ്കിലും രണ്ടെണ്ണം തമ്മിലും മറ്റേതെങ്കിലും ബന്ധം കിട്ടിയാൽ ഓരോ അളവുകളും കണ്ടെത്തുന്ന പ്രവർത്തനങ്ങൾ. | | | |
| 30. | സാധ്യത<br>• സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്ന പ്രവർത്തനം.<br>• വിവിധ സന്ദർഭങ്ങളിൽ സാധ്യത കണ്ടെത്തുന്നതിനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ.<br>• പ്രായോഗിക പ്രശ്നങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർത്ഥിക്കുന്ന പ്രവർത്തനം. | ഓഗസ്റ്റ് | X | 1, 6, 11 |
| 31. | സ്റ്റാറ്റിസ്റ്റിക്സ്<br>• തന്നിട്ടുള്ള വിവരങ്ങളെ ഓരോന്നായി എടുത്ത് ആവർത്തിപട്ടികയായി എഴുതുന്ന പ്രവർത്തനങ്ങൾ.<br>• തന്നിട്ടുള്ള വിവരങ്ങളെ വിഭാഗങ്ങളാക്കി ആവർത്തിപട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ.<br>• ആവർത്തിപട്ടികയിലെ വിവരങ്ങളെ ആവർത്തി ചതുരത്തിലൂടെ അവതരിപ്പിക്കുന്ന പ്രവർത്തനം. | ഫെബ്രുവരി | VIII | 3, 6, 7, 11 |
| 32. | • അളവുകൾ കൊടുത്ത് ശരാശരി കണ്ടെത്തുന്ന പ്രവർത്തനങ്ങൾ.<br>• വിഭാഗങ്ങളായി തിരിച്ച പട്ടികകളിൽ നിന്ന് മാധ്യം കണ്ടുപിടിക്കുന്ന പ്രവർത്തനങ്ങൾ. | ഫെബ്രുവരി | IX | 3, 6, 7, 11 |
| 33. | • ഒരു കൂട്ടം അളവുകളെ പ്രതിനിധീകരിക്കുന്നതിന് മാധ്യം ഉപയോഗിക്കുവാൻ കഴിയാത്ത സന്ദർഭങ്ങൾ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ.<br>• ഒരുകൂട്ടം അളവുകളുടെ മാധ്യം കണക്കാക്കുന്നതിനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനം.<br>• വിഭാഗപട്ടികയിൽ നിന്നും മാധ്യമം കണക്കാക്കുന്നതിനുള്ള മാർഗ്ഗം വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ. | ജനുവരി | X | 3, 6, 7, 11 |
| 34 | 1. സെമിനാർ<br>2. പ്രോജക്ട്<br>3. ഗണിതമാഗസിൻ & ക്ലാസ്സ് പ്രവർത്തനം.<br>4. ഗണിതമേളകളിൽ കുട്ടികളെ സജ്ജമാക്കൽ.<br>5. ദിനാചരണം, പതിപ്പ് തയ്യാറാക്കൽ (ക്ലാസ്സ് പ്രവർത്തനം)<br>6. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ. (ക്ലാസ്സ് പ്രവർത്തനം) | ജൂൺ - ഒക്ടോബർ<br>ഒക്ടോബർ- ജനുവരി<br>ജൂൺ-ജനുവരി<br>ജൂൺ-ഒക്ടോബർ | മധ്യകാലം | |

| | | | |
|---|---|---|---|
| | 7. മോഡൽ നിർമ്മാണം. (ക്ലാസ്സ് പ്രവർത്തനം)<br>8. പഠനസാമഗ്രികൾ നിർമ്മാണം. (ക്ലാസ്സ് പ്രവർത്തനം)<br>9. ക്ലാസ്സ് റൂം ഗണിതവൽക്കരിക്കൽ.<br>10. ക്ലാസ്സ് റൂം ഗണിത ലൈബ്രറി.<br>11. ഗണിത പാർക്ക്.<br>12 നാഷണൽ ടാലന്റ് സേർച്ച് എക്സാം, എൻ. എം. എം. എസ്. തുടങ്ങിയവയ്ക്ക് കുട്ടികളെ സജ്ജമാക്കൽ.<br>13. ഗണിത ഉല്പന്നങ്ങളുടെ പ്രദർശനം. | ജൂൺ-ജനുവരി<br>ജൂൺ-ജനുവരി<br>ജൂൺ-ജനുവരി<br>ജൂൺ- ജനുവരി<br>ജൂൺ-മേയ്(1 വർഷം)<br>ജൂൺ - ജനുവരി<br>ഫെബ്രുവരി | ദീർഘകാലം |

## പ്രത്യേക പരിഗണന അർഹിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്കും വേണ്ടിയുളള സ്കൂൾതല പ്രവർത്തനങ്ങൾ

- സ്കൂൾ കൗൺസിലർ, ഐ.ഇ.ഡി.എസ്. റിസോഴ്സ് ടീച്ചർ, ഒ.ആർ.സി. നോഡൽ ടീച്ചർ, സ്കൂൾ പി.റ്റി.എ., എച്ച്.എം. എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ മോണിറ്ററിംഗും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുവരുന്നു.
- ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും ഓ.ആർ.സിയുമായി ചേർന്ന് ഏ.ഡി.എച്ച്.ഡി., സ്വഭാവ വൈകല്യം എന്നീ വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് എച്ച്. എസ്. എസ്., എച്ച്.എസ്., യു.പി., എൽ.പി. എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് സൈക്കോതെറാപ്പി അടക്കം നൽകി അവരെ സാധാരണ നിലയിലേക്ക് എത്തിക്കുന്നു. വിശദവിവരങ്ങൾ സ്കൂൾ പ്രവർത്തന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കൗമാരപ്രായത്തിലെ കുട്ടികൾക്ക് സ്കൂൾ കൗൺസിലറുടെ നേതൃത്വത്തിൽ കൃത്യമായ കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തിവരുന്നു. ഹെൽത്ത് നേഴ്സിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാണ്.
- ഐ. ഇ. ഡി. എസ്. റിസോഴ്സ് ടീച്ചറിന്റെ നേതൃത്വത്തിൽ അഞ്ചു കുട്ടികളെ പ്രത്യേകമായി പരിശീലിപ്പിക്കുന്നു. എച്ച്. എസ്, എച്ച്.എസ്.എസ്, എൽ.പി., യു.പി എന്നീ ക്ലാസ്സുകളിലും ടീച്ചറിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.